JUNE 2022 Vol. 8 Issue 87 THE FIRST ADVERTISING & MARKETING MAGAZINE IN MALAYALAM Price: ₹ 50/-

# ഇഫെക്ടീവ് ആഡ്കോം EFFECTIVE ADCOM

INSIDE OUTSIDE AD WORLD

THE WORLD OF EFFECTIVE COMMUNICATION



## തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നിയന്ത്രിക്കുവാനുള്ള മാർഗരേഖ

## കുറഞ്ഞ വാക്കുകൾ കൂടുതൽ ചിന്തകൾ കാർട്ടൂണിസ്റ്റ് രജീന്ദ്രകുമാർ

## ബ്രാൻഡിംഗ് എന്ന പ്രതിഭാസം
ഭാഗം 19

## വാട്ടർ കളർ ചിത്രരചനയുമായി ശബരി ഗിരീഷ്

## സജീവ് ബാലകൃഷ്ണൻ സ്വയം മോഡലാകുന്ന കാരിക്കേച്ചർ ഗുരു

BRANDING • MODEL WATCH • MARKETING • CONCEPT SHOOT


MOST TRUSTED OET EXAM
COACHING CENTRE
The expert and perfect guidance offered for
NCLEX - RN & PROMETRIC EXAMS
Specially designed courses for
OET 2.0 • RN-USA
NNAS (Canada)
Online Coaching available
New Batch starts on every Monday
Registration assistance for all Exams
Most Trusted agency for NCLEX-RN Registration
Admission Helpline
0481 - 2300396 / 380
99468 59475
Application assistance to all Nursing Boards in U.S.A
CHAZ ACADEMY
Arafa Tower, Vth Floor, Near SBI Branch, Thirunakkara, Kottayam-1
Email: chazacademykottayam@gmail.com, chaz_ktm@yahoo.com
www.chazusa.in

# ഇനി ഓൺലൈനിലൂടെ മാത്രമല്ല ഫോണിലൂടെയും ഹോസ്പിറ്റൽ അപ്പോയിന്റ്മെന്റ് ബുക്ക് ചെയ്യാം

2016 ജൂലൈ ഒന്നിനാണ് (ദേശീയ ഡോക്ടേഴ്സ് ദിനം) ക്വിക് ഡോക് ഡോട് കോം കേരള ജനതയ്ക്കായി സമർപ്പിച്ചത്.

ഹോസ്പിറ്റലുകളുടെയും ക്ലിനിക്കുകളുടെയും അപ്പോയ്ന്റ്മെന്റ് ബുക്കുചെയ്യാൻ സഹായിക്കുന്ന ഓൺലൈൻ ആപ്ലിക്കേഷനാണ് ക്വിക്ഡോക്ഡോട്കോം.ഇപ്പോൾ 142 ആശുപത്രികളിലും 113 ക്ലിനിക്കുകളിലുമായി കേരളത്തിലെ വിദഗ്ധരായ 2743 ഡോക്ടർമാരുടെ അപ്പോയിന്റ്മെന്റുകൾ ലഭ്യമാണ്. നിങ്ങളുടെ റജിസ്ട്രേഷനിലൂടെ നിങ്ങളുടെ ബന്ധുക്കൾക്കോ, സുഹൃത്തുക്കൾക്കോ അപ്പോയിന്റ്മെന്റ് എടുക്കാം.

ഒരു മാസം മുമ്പു മുതൽ അപ്പോയിന്റ്മെന്റുകൾ ലഭ്യമാണ്. എല്ലാ ദിവസവും രാവിലെ 8 മണി വരെ അതത് ദിവസത്തെ ഏറ്റവും അടുത്ത ടോക്കണുകൾ ലഭിക്കും. അതുപോലെ വിദഗ്ധരായ ഡോക്ടർമാരുടെ സേവനം ഏത് ആശുപത്രിയിലുണ്ട് എന്നും ഏതൊക്കെ ആശുപത്രികളിൽ എന്തൊക്കെ സേവനങ്ങൾ ഉണ്ട് എന്നും അറിയാം.

നിങ്ങൾ എടുക്കുന്ന അപ്പോയിന്റ്മെന്റുകൾ സ്ഥിരീകരിക്കാനായി qkdoc.com കസ്റ്റമർ കെയർ ടീം നിങ്ങളെ സഹായിക്കും. അതുപോലെ ഏതു സമയത്ത് ചെല്ലണമെന്നും നിർദേശം തരും. കൂടാതെ പൊതുജനങ്ങൾക്കായി സൗജന്യ രോഗനിർണയ ക്യാംപുകളും ആരോഗ്യ സെമിനാറുകളും ആശുപത്രികളുമായി സഹകരിച്ച് നടത്തുന്നുണ്ട്.


## അപ്പോയിന്റ്മെന്റ് എടുക്കുവാൻ 2 വഴികൾ

**ഓപ്ഷൻ 1** A) qkdoc.com വെബ്സൈറ്റ് അല്ലെങ്കിൽ qkdoc ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് റജിസ്റ്റർ ചെയ്യുക B) വേണ്ട ആശുപത്രി/ക്ലിനിക്/ഡോക്ടർ/ സ്പെഷലൈസേഷൻ സേർച്ച് ചെയ്യുക C) ലഭ്യമായ ടോക്കണുകൾ നേടുക D) റജിസ്ട്രേഷനിലൂടെ നിങ്ങൾക്കോ, സുഹൃത്തുക്കൾക്കോ, ബന്ധുക്കൾക്കോ, ടോക്കണുകൾ നേടാം. അതിനായി Book for another parent ക്ലിക്കു ചെയ്ത് മുൻപോട്ട് പോകുക.

**ഓപ്ഷൻ 2** A) അപ്പോയിന്റ്മെന്റുകൾ എടുക്കാനായി 7012612323 (24 x 7) (ഞായറാഴ്ചകളിലും) 8943927714, 0481-2587421 / 422 (രാവിലെ ഒമ്പതു മുതൽ വൈകിട്ട് 6 വരെ) നമ്പരുകളിലേക്ക് വിളിക്കാം B) നിങ്ങൾക്ക് ആവശ്യമായ ആശുപത്രി / ക്ലിനിക്ക് / ഡോക്ടർ എന്നീ വിവരങ്ങൾ പറയുക C) നിങ്ങളുടെ ഫോണിൽ വരുന്ന എസ്എംഎസിൽ നിന്നും ഒടിപി നമ്പർ പറഞ്ഞുകൊടുക്കുമ്പോൾ ലഭ്യമായ ടോക്കണുകൾ നൽകുന്നു.

## ഡോക്ടറുടെ അപ്പോയ്ന്റ്മെന്റിനായി വിളിക്കുക

**7012612323 (24x7)**
**0481 2587421 / 422**
(9 am to 6pm)




**ആശുപത്രികളും ക്ലിനിക്കുകളും qkdoc.com ൽ റജിസ്റ്റർ ചെയ്യുവാനായി വിളിക്കുക : 8086137088, 9447732525**

- വിളിക്കുക 7012612323 (24x7) 0481 2587421/422 (9 am to 6pm)
- നിങ്ങളുടെ ആശുപത്രി/ക്ലിനിക്/ഡോക്ടർ എന്നീ വിവരങ്ങൾ പറയുക
- നിങ്ങൾക്കു വരുന്ന SMS ലെ OTP നമ്പർ പറഞ്ഞുകൊടുക്കുമ്പോൾ ലഭ്യമായ ടോക്കണുകൾ നൽകുന്നു


മലയാള മനോരമ
QKDOC.com
Doctor appointments made easy
Powered by manoramaonline

# ഉള്ളടക്കം

Cover: **Sarayu**
Photography : Vinu Shankar
Co-ordinator: Smruthi Simon

Vol. 8 | Issue 87 | June 2022










6 ബ്രാൻഡിംഗ് എന്ന പ്രതിഭാസം – ഭാഗം 19

9 തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നിയന്ത്രിക്കുവാനുള്ള മാർഗരേഖ

12 കുറഞ്ഞ വാക്കുകൾ, കൂടുതൽ ചിന്തകൾ കാർട്ടൂണിസ്റ്റ് രജീന്ദ്രകുമാർ

16 MODEL WATCH

30 CONCEPT SHOOT

38 വാട്ടർ കളർ ചിത്രരചനയുമായി ശബരി ഗിരീഷ്

42 സജ്ജീവ് ബാലകൃഷ്ണൻ സ്വയം മോഡലാകുന്ന കാരിക്കേച്ചർ ഗുരു

45 FILM NEWS

46 EDITORIALS OF THE MONTH

49 NEWS & EVENTS

52 FUN ROOM

Images Courtesy: Google

ഇഫെക്ടീവ് ആഡ്കോം EFFECTIVE ADCOM
Advertising is Communication. Marketing is destination
The First Advertising & Marketing Magazine in Malayalam

Chief Editor
**Mathew K. Mulamoottil**

Associate Editor
**Batten Bose**

Advisory Board
**Thekkinkadu Joseph**
**Prof. Josy Joseph**
**Joshy George**
**Somie**
**Janeesh Jajikalayam**

Marketing & Circulation Co-ordinator
**Vilsu Mathew**
Ph: 9744993356

Layout / Illustration
Adart Designing

Marketing Offices:
**Effective Publications**
Mughal Palace Bldg, Collectorate P.O.
Kottayam - 2 , Kerala, India.
Ph: 08593 998705, 0481 2561791
e-mail: effectiveadcom@gmail.com

Regd. Office:
Mulamoottil Bldg., Cathedral Road
Manorama (S), Kottayam - 1, Kerala, India

Can read @
FeederFOX www.feederfox.com
MAGZTER DIGITAL MAGAZINE STORE TAP · READ · ENJOY

effectiveadcom/posts 09846057461
/effective.adcom.14 /effective_adcom
www.effectiveadcom.com

# EDITORIAL

## നിയന്ത്രണങ്ങൾ കർശനമാക്കുന്നു

ഉപഭോക്താവിനെ തെറ്റിദ്ധരിപ്പിക്കുകയും അതുവഴി വഞ്ചിക്കുകയും ചെയ്തതിന്റെ പേരിൽ പരാതി ലഭിക്കുന്നപക്ഷം അത്തരം പരസ്യങ്ങൾ നിരോധിക്കുകയും അവ തയാറാക്കിയവർക്കും അതിൽ പങ്കെടുത്ത താരങ്ങൾക്കും മോഡലുകൾക്കും ഉൾപ്പെടെ തക്കതായ ശിക്ഷയും വ്യവസ്ഥ ചെയ്യുകയാണ് സെൻട്രൽ കൺസ്യൂമർ പ്രൊട്ടക്ഷൻ അതോറിറ്റി. ഇതിനായി പുതിയ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നു.

പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്ന രീതിയിൽ കൂടുതൽ സുതാര്യതയും വ്യക്തതയും കൊണ്ടു വരുന്നതിലൂടെ ഉപഭോക്താവിന്റെ താൽപ്പര്യം സംരക്ഷിക്കാനാണ് മാർഗ്ഗനിർദ്ദേശങ്ങൾ ലക്ഷ്യമിടുന്നത്, അതിനാൽ ഉപഭോക്താക്കൾക്ക് തെറ്റായ വിവരണങ്ങൾക്കും അതിശയോക്തികൾക്കും പകരം വസ്തുതകളെ അടിസ്ഥാനമാക്കി തീരുമാനങ്ങൾ എടുക്കാൻ കഴിയും.

മാർഗരേഖയുടെ ആദ്യ ലംഘനത്തിന് 10 ലക്ഷം രൂപയും ആവർത്തിച്ചാൽ 50 ലക്ഷവുമാണ് സ്ഥാപനങ്ങൾക്ക് പിഴ. തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ സാക്ഷ്യപ്പെടുത്തുന്ന വ്യക്തികളെ ഒരു വർഷം വിലക്കാം. ഇതാവർത്തിച്ചാൽ വിലക്ക് മൂന്നു വർഷം വരെയാകാം.

പലതവണ മുന്നറിയിപ്പും മാർഗനിർദേശങ്ങളും നൽകിയിട്ടും തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ ധാരളമായി പ്രചരിപ്പിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടതോടെയാണ് ശക്തമായ നടപടികളുമായി സെൻട്രൽ കൺസ്യൂമർ പ്രൊട്ടക്ഷൻ അതോറിറ്റി (CCPA) യും അഡ്വർടൈസിംഗ് സ്റ്റാൻഡേർഡ് കൗൺസിൽ ഓഫ് ഇന്ത്യ (ASCI) യും മുന്നോട്ടുവന്നിരിക്കുന്നത്.

തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾക്കുള്ള മാർഗരേഖകൾ വിശദീകരിക്കുന്ന ഒരു ലേഖനം ആഡ്കോമിന്റെ ഈ ലക്കത്തിൽ വായിക്കാം.

വളരെ കാലമായി പരസ്യ വ്യവസായം സ്വയം നിയന്ത്രണത്തിന്റെ പാതയാണ് പിന്തുടരുന്നത്, നിയമത്തിന്റെയും സത്യസന്ധതയുടെയും മാന്യതയുടെയും പരിധിയിൽ നിൽക്കാൻ ഏവരും ബാദ്ധ്യസ്ഥരാണ്.

**ചീഫ് എഡിറ്റർ**

All rights reserved. Views exposed by the writers are not necessarily those of the effective publications or the editor or the publisher and they accept no responsibility for them. All objections, disputes, differences, claims & proceedings are subject to Kottayam jurisdiction.




# 'ബ്രാൻഡിംഗ്' എന്ന പ്രതിഭാസം

ഭാഗം–19


ബിസിനസ്സിൽ ഉൽപന്നങ്ങളും സേവനങ്ങളും തയാറാക്കപ്പെടുന്നത് ഉപഭോക്താക്കളെ ലക്ഷ്യമിട്ടാണെന്ന കാര്യം എടുത്തു പറയേണ്ടതില്ലല്ലോ. അതായത് ഏതൊരു ബിസിനസ്സിലേയും പരമപ്രധാനമായ ഘടകം കസ്റ്റമേഴ്സ് തന്നെയാണെന്ന് നമുക്കറിയാം. കസ്റ്റമേഴ്സിനെ തൃപ്തിപ്പെടുത്തുക എന്നതാണ് എല്ലാ ബിസിനസ് പ്രവർത്തനങ്ങളുടേയും പ്രധാന ലക്ഷ്യം.

## മാർക്കറ്റിംഗിലെ 4Cs

മാർക്കറ്റിംഗിലെ 7Ps നെക്കുറിച്ചാണ് മുൻ അദ്ധ്യായത്തിൽ പ്രതിപാദിച്ചത്. ബിസിനസ്സിന്റെ ഭാഗത്തുനിന്ന് 7Ps ഉള്ളതുപോലെ ഉപഭോക്താവിന്റെ ഭാഗത്തു നിന്നും 4Cs ഉം ഉള്ളതായി മാർക്കറ്റിംഗ് വിദ്യാർത്ഥികൾക്ക് പഠിക്കാനുണ്ട്. അവ Customer, Cost, Convenience, Communication എന്നിവയാണ്. ആധുനിക കാലത്തെ മാർക്കറ്റിംഗിൽ ഇവയേയും അവശ്യഘടകങ്ങളായി (Essential Tools) കരുതപ്പെടുന്നു.

### Customer (ഉപഭോക്താവ്)

ബിസിനസ്സിൽ ഉൽപ്പന്നങ്ങളും സേവനങ്ങളും തയാറാക്കപ്പെടുന്നത് ഉപഭോക്താക്കളെ ലക്ഷ്യമിട്ടാണെന്ന കാര്യം എടുത്തു പറയേണ്ടതില്ലല്ലോ. അതായത് ഏതൊരു ബിസിനസ്സിലേയും പരമപ്രധാനമായ ഘടകം കസ്റ്റമേഴ്സ് തന്നെയാണെന്ന് നമുക്കറിയാം. കസ്റ്റമേഴ്സിനെ തൃപ്തിപ്പെടുത്തുക എന്നതാണ് എല്ലാ ബിസിനസ് പ്രവർത്തനങ്ങളുടേയും (Business activities) പ്രധാന ലക്ഷ്യം.




എല്ലാ ബിസിനസ് സ്ഥാപനങ്ങളും പ്രഥമ പരിഗണന നൽകേണ്ടത് ഉപഭോക്താക്കളുടെ ആവശ്യങ്ങളും പ്രശ്നങ്ങളും അഭിരുചികളും മനസ്സിലാക്കുക എന്നതിനായിരിക്കണം.

## Cost (വില)

ഒരു ഉൽപ്പന്നത്തിന്റെ നിർമ്മാണചെലവ്, ബിസിനസ്സിന് ലഭിക്കേണ്ട ലാഭം, വിപണന ചെലവ് എന്നിവയുടെ അടിസ്ഥാനത്തിലാണ് Cost അഥവാ വില നിർണ്ണയിക്കുന്നത്. മാർക്കറ്റിംഗ് ടീമിന്റെ ശമ്പളം (salary), ഉൽപ്പന്നം മാർക്കറ്റിൽ എത്തിക്കുന്നതിന്റെ ചെലവ് (Transportation), ഡിസ്ട്രിബ്യൂട്ടർക്ക് കൊടുക്കുന്ന കമ്മീഷൻ, പരസ്യങ്ങൾ ചെയ്യുന്നതിന്റെ ചെലവ്, ഗ്യാരണ്ടി/ വാറണ്ടി കൊടുക്കുന്നുവെങ്കിൽ അതിന്റെ നഷ്ടങ്ങൾ മറികടക്കാനുള്ള ചെലവ്, ഓഫർ ചെയ്യുന്ന ഡിസ്കൗണ്ടുകൾ, പാക്കേജ് ഓഫറുകൾ തുടങ്ങി നിരവധി ചെലവുകൾ കണക്കാക്കിയാണ് വിപണന ചെലവ് കണ്ടെത്തുന്നത്. ഈ വില ഉൽപ്പന്നത്തിന്റെ ഗുണമേന്മയ്ക്ക് ആനുപാതികവും ഉപഭോക്താവിന് താങ്ങാവുന്നതുമായിരിക്കണം. പല ഉൽപ്പന്നങ്ങളും അതിന്റെ വിലകൊണ്ടുതന്നെ അതു സ്വന്തമാക്കുന്നവരുടെ 'അഭിമാന'മായി മാറാറുണ്ട്. എന്നാൽ കൊടുത്ത വില 'നഷ്ടമായി' എന്നൊരു തോന്നൽ ഉപഭോക്താവിനുണ്ടായാൽ ആ ബിസിനസ്സ് വിജയിക്കുകയില്ല.

## Convenience (സൗകര്യം)


മാർക്കറ്റിംഗിലെ മറ്റൊരു ഘടകമാണ് Convenience അഥവാ 'സൗകര്യം'. ഉപയോഗിക്കുവാനും കൈകാര്യം ചെയ്യുവാനും സൗകര്യമുള്ള (User-friendly) ഉൽപ്പന്നങ്ങളായിരിക്കും എല്ലായ്പ്പോഴും ഉപഭോക്താക്കൾ ഇഷ്ടപ്പെടുക. പ്രോഡക്റ്റ് ഉപയോഗിക്കുവാനുള്ള എളുപ്പം (operation), എവിടെയാണോ അവ ഉപയോഗിക്കപ്പെടുന്നത് അവിടെ എത്തിക്കുവാനുള്ള സൗകര്യം (Transportation), എന്തെങ്കിലും പ്രശ്നങ്ങളോ പരാതികളോ ഉണ്ടായാൽ

പ്രത്യക്ഷമായും പരോക്ഷമായും ഉപഭോക്താക്കളുമായി നിരന്തരം ആശയവിനിമയം നടത്തിക്കൊണ്ടിരിക്കുക എന്നത് മാർക്കറ്റിംഗിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് ആവശ്യമാണ്. ഉൽപ്പന്നത്തിന്റെ ഗുണനിലവാരം, ലഭ്യത തുടങ്ങിയ വിവരങ്ങൾ ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനും ഉപഭോക്താക്കളുടെ ആവശ്യങ്ങളും അഭിപ്രായങ്ങളും അറിയുന്നതിനും communication പ്രധാന പങ്കു വഹിക്കുന്നു.

അവ പരിഹരിക്കപ്പെടാനുള്ള സൗകര്യം (After sale service), ഇഷ്ടപ്പെട്ടില്ലെങ്കിൽ മാറിയെടുക്കുവാനുള്ള സൗകര്യം (Return policy) തുടങ്ങി നിരവധി 'സൗകര്യങ്ങൾ' മാർക്കറ്റിംഗിനെ അനുകൂലമായി സ്വാധീനിക്കും വിധം ഒരുക്കേണ്ടതാണ്.

## Communication (ആശയവിനിമയം)

4Cs ൽ ഒടുവിലത്തേത് Communication ആണ്. ഏതൊരു ബിസിനസ്സ് സംരംഭത്തിലും വളരെ പ്രധാനമാണ് ആശയവിനിമയം എന്നു പറയുന്നത്. പ്രത്യക്ഷമായും പരോക്ഷമായും ഉപഭോക്താക്കളുമായി നിരന്തരം ആശയവിനിമയം നടത്തിക്കൊണ്ടിരിക്കുക എന്നത് മാർക്കറ്റിംഗിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് ആവശ്യമാണ്. ഉൽപ്പന്നത്തിന്റെ ഗുണനിലവാരം, ലഭ്യത തുടങ്ങിയ വിവരങ്ങൾ ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനും ഉപഭോക്താക്കളുടെ ആവശ്യങ്ങളും അഭിപ്രായങ്ങളും അറിയുന്നതിനും communication പ്രധാന പങ്കു വഹിക്കുന്നു. മാധ്യമങ്ങളിലൂടെ പ്രചരിക്കപ്പെടുന്ന പരസ്യങ്ങൾ, ഇ-മെയിൽ, ചാറ്റുകൾ, കത്തുകൾ, പ്രദർശനമേളകൾ തുടങ്ങി ധാരാളം മാർഗങ്ങളിലൂടെ ആശയവിനിമയം സാദ്ധ്യമാക്കാം.




മാർക്കറ്റിംഗ് മിക്സ് എല്ലാകാലവും ഒരുപോലെ തുടരാൻ കഴിയണമെന്നില്ല. സാഹചര്യങ്ങൾക്കും വിപണിയിലെ മാറ്റങ്ങൾക്കും അനുസരിച്ച് മാർക്കറ്റിംഗ് മിക്സിൽ മാറ്റങ്ങൾ വേണ്ടിവരും. ഉപഭോക്താക്കളുടെ അഭിരുചിയിലും ആവശ്യങ്ങളിലും ക്രയശേഷിയിലും ഉണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് മാർക്കറ്റിംഗ് തന്ത്രങ്ങളിലും മാറ്റങ്ങൾ അനിവാര്യമായി വരും.

വിജയകരമായ മാർക്കറ്റിംഗിന് മുകളിൽ പറഞ്ഞ 4Cs പ്രധാന പങ്കു വഹിക്കുന്നു. ഇവയും മുൻ അദ്ധ്യായത്തിൽ പറഞ്ഞ 7Psഉം ചേർത്ത് മാർക്കറ്റിംഗ് മിക്സിന്റെ ശരിയായ അനുപാതത്തിലൂടെ മാർക്കറ്റിംഗ് വിജയകരമാക്കാം. ഓരോ സ്ഥാപനത്തിനും ബിസിനസ്സിനും അനുസരിച്ച് ഈ അനുപാതത്തിൽ വ്യത്യാസങ്ങളുണ്ടാകാം. ഓരോ സ്ഥാപനത്തിനും അനുയോജ്യമായ മാർക്കറ്റിംഗ് മിക്സ് തയാറാക്കുക എന്നത് പ്രധാനമാണ്.

ശരിയായ മാർക്കറ്റിംഗ് മിക്സ് തയാറാക്കുന്നതിന് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമെന്ന് നോക്കാം.

1. നാം ലക്ഷ്യം വയ്ക്കുന്ന കസ്റ്റമറെ കണ്ടെത്തുക.
(Identify who are our target customers)

2. അവരുടെ പ്രശ്നങ്ങൾ, ആവശ്യങ്ങൾ, അഭിരുചികൾ, ക്രയവിക്രയ ശേഷി എന്നിവ മനസ്സിലാക്കുക.
(Understand our customer's problem, needs, demands, purchasing capacity etc.)

3. ഉപഭോക്താക്കളുടെ ആവശ്യങ്ങളെ നിറവേറ്റാനും പ്രശ്നങ്ങളെ പരിഹരിക്കാനുമുള്ള മാർഗ്ഗങ്ങൾ തയാറാക്കി വെയ്ക്കുക.
(Establish a way of solving their problems & fulfilling their needs)

4. ഉപഭോക്താക്കളുടെ ആവശ്യങ്ങളെ നിറവേറ്റാൻ നമ്മുടെ ഉൽപ്പന്നങ്ങൾ/സേവനങ്ങൾക്കുള്ള ശേഷി വിലയിരുത്തുക.
(Determine how the product or service designed solves the problem)

5. ഉപഭോക്താക്കളെ ആകർഷിക്കുവാനുള്ള നമ്മുടെ ശേഷിയും മാർഗങ്ങളും വിലയിരുത്തുക.
(Identify our ways and capacity to convince the customer)

6. വിൽപ്പന ലക്ഷ്യം, വിപണന ചെലവ് എന്നിവ കണക്കുകൂട്ടി വില നിശ്ചയിക്കുക.
(Determine sales goals, marketing expenses and cost)

7. കസ്റ്റമറെ സ്വാധീനിക്കാനുതകുന്ന പരസ്യ തന്ത്രങ്ങൾ ആവിഷ്ക്കരിക്കുക.
(Design suitable advertising themes and campaigns to attract and convince the customer)

8. മികച്ച ഓഫറുകൾ തയാറാക്കുക.
(Prepare better offers)

9. കസ്റ്റമറിന് ആത്മവിശ്വാസം നൽകുന്ന ഗ്യാരണ്ടി/ വാറണ്ടി, തിരിച്ചെടുക്കൽ നയങ്ങൾ എന്നിവ വ്യക്തമാക്കുക.
(Offer clear guarantee/ warranty/ return policies etc.)

10. മാർക്കറ്റിംഗിന് നിയോഗിക്കപ്പെടുന്നവർ അതിനു ശേഷിയുള്ളവരാണെന്നും കൃത്യമായ പ്ലാനിംഗോടെ പ്രവർത്തിക്കുന്നു എന്നും ഉറപ്പു വരുത്തുക.
(Make sure that marketing team is efficient and operates with proper strategy plannings)

11. ഉൽപ്പന്നത്തിന്റെ/ സേവനത്തിന്റെ ഗുണമേന്മ കാലാനുസൃതമായി മെച്ചപ്പെടുത്തിക്കൊണ്ടിരിക്കുക.
(Update and maintain the quality of product/service in time to time)

മാർക്കറ്റിംഗ് മിക്സ് എല്ലാകാലവും ഒരുപോലെ തുടരാൻ കഴിയണമെന്നില്ല. സാഹചര്യങ്ങൾക്കും വിപണിയിലെ മാറ്റങ്ങൾക്കും അനുസരിച്ച് മാർക്കറ്റിംഗ് മിക്സിൽ മാറ്റങ്ങൾ വേണ്ടിവരും. ഉപഭോക്താക്കളുടെ അഭിരുചിയിലും ആവശ്യങ്ങളിലും ക്രയശേഷിയിലും ഉണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് മാർക്കറ്റിംഗ് തന്ത്രങ്ങളിലും മാറ്റങ്ങൾ അനിവാര്യമായി വരും. തുറന്ന മനസ്സോടെ വിപണിയെ പഠിച്ചുകൊണ്ടേയിരിക്കുക എന്നത് ഏറ്റവും പ്രധാനം തന്നെ. ●

(തുടരും)




Central **Consumer** Protection Authority (CCPA)

# തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നിയന്ത്രിക്കുവാനുള്ള മാർഗരേഖ

ഉപഭോക്താവിനെ തെറ്റിദ്ധരിപ്പിക്കുകയും അതുവഴി വഞ്ചിക്കുകയും ചെയ്തതിന്റെ പേരിൽ പരാതി ലഭിക്കുന്നപക്ഷം അത്തരം പരസ്യങ്ങൾ നിരോധിക്കുകയും അവ തയാറാക്കിയവർക്കും അതിൽ പങ്കെടുത്ത താരങ്ങൾക്കും മോഡലുകൾക്കും ഉൾപ്പെടെ തക്കതായ ശിക്ഷയും വ്യവസ്ഥ ചെയ്യുന്നു.

---

ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾക്ക് കടിഞ്ഞാണിടാൻ കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിറ്റി (Central Consumer Protection Authority - CCPA) പുതിയ മാർഗരേഖ പുറത്തിറക്കി. എല്ലാ മാധ്യമങ്ങളിലൂടെയുമുള്ള പരസ്യങ്ങൾക്ക് മാർഗരേഖ ബാധകമാണ്. Central Consumer Protection Authority യും അഡ്വർടൈസിംഗ് സ്റ്റാൻഡേർഡ് കൗൺസിൽ ഓഫ് ഇന്ത്യ (ASCI) യും പലതവണ മുന്നറിയിപ്പും മാർഗനിർദേശങ്ങളും നൽകിയിട്ടും തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ ധാരളമായി പ്രചരിപ്പിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടതോടെയാണ് ശക്തമായ നടപടികളുമായി സെൻട്രൽ കൺസ്യൂമർ പ്രൊട്ടക്ഷൻ അതോറിറ്റി (സിസിപിഎ) യും എഎസ്സ്സിഐയും മുന്നോട്ടുവന്നിരിക്കുന്നത്. ഉപഭോക്താവിനെ തെറ്റിദ്ധരിപ്പിക്കുകയും അതുവഴി വഞ്ചിക്കുകയും ചെയ്തതിന്റെ പേരിൽ പരാതി ലഭിക്കുന്നപക്ഷം അത്തരം പരസ്യങ്ങൾ നിരോധിക്കുകയും അവ തയാറാക്കിയവർക്കും അതിൽ പങ്കെടുത്ത താരങ്ങൾക്കും മോഡലുകൾക്കും ഉൾപ്പെടെ തക്കതായ ശിക്ഷയും വ്യവസ്ഥ ചെയ്യുന്നു.

പരസ്യം ചെയ്യാൻ വിലക്കുള്ള ഉത്പന്നങ്ങൾ മറ്റൊരു പേരിൽ പരസ്യം ചെയ്യുന്നതും നിരോധിച്ചിട്ടുണ്ട്. കുട്ടികളുടെ നിഷ്കളങ്കതയെയും അറിവില്ലായ്മയേയും പരസ്യങ്ങൾ ചൂഷണം ചെയ്യരുതെന്ന് മാർഗരേഖ നിർദേശിക്കുന്നു.

ഉപഭോക്താക്കൾ അടിസ്ഥാനരഹിതമായ അവകാശവാദങ്ങൾ, അതിശയോക്തി കലർന്ന വാഗ്ദാനങ്ങൾ, തെറ്റായ വിവരങ്ങൾ, തെറ്റായ അവകാശവാദങ്ങൾ എന്നിവയിലൂടെ കബളിപ്പിക്കപ്പെടുന്നില്ലെന്ന് ഉറപ്പാക്കാനും മാർഗ്ഗനിർദ്ദേശങ്ങൾ ശ്രമിക്കുന്നു.

നിർമ്മാതാവ്, സേവന ദാതാവ്, പരസ്യദാതാവ്, പരസ്യ ഏജൻസി എന്നിവയുടെ ചുമതലകൾ, അംഗീകാരം നൽകുന്നതിന് മുമ്പ് നിർവഹിക്കേണ്ട സൂക്ഷ്മത എന്നിവ നിർദ്ദേശിച്ചിട്ടുണ്ട്.

അത്തരം പരസ്യങ്ങൾ ഉപഭോക്താക്കളുടെ വിവിധ അവകാശങ്ങൾ ലംഘിക്കുന്നു, അതായത്,

അറിയാനുള്ള അവകാശം, തിരഞ്ഞെടുക്കാനുള്ള അവകാശം, സുരക്ഷിതമല്ലാത്ത ഉൽപ്പന്നങ്ങളിൽ നിന്നും സേവനങ്ങളിൽ നിന്നും സംരക്ഷിക്കപ്പെടാനുള്ള അവകാശവും.

'പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്ന രീതിയിൽ കൂടുതൽ സുതാര്യതയും വ്യക്തതയും കൊണ്ടുവരുന്നതിലൂടെ ഉപഭോക്താവിന്റെ താൽപ്പര്യം സംരക്ഷിക്കാനാണ് മാർഗ്ഗനിർദ്ദേശങ്ങൾ ലക്ഷ്യമിടുന്നത്, അതിനാൽ ഉപഭോക്താക്കൾക്ക് തെറ്റായ വിവരണങ്ങൾക്കും അതിശയോക്തികൾക്കും പകരം വസ്തുതകളെ അടിസ്ഥാനമാക്കി തീരുമാനങ്ങൾ എടുക്കാൻ കഴിയും.

തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾക്ക് നിർമ്മാതാക്കൾക്കും പരസ്യദാതാക്കൾക്കും അംഗീകാരം നൽകുന്നവർക്കും 10 ലക്ഷം രൂപ വരെ പിഴചുമത്താൻ CCPA വ്യവസ്ഥ ചെയ്യുന്നു. തുടർന്നുള്ള ലംഘനങ്ങൾക്ക്, 50 ലക്ഷം രൂപ വരെ പിഴചുമത്തിയേക്കാം.

2019ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിലെ സെക്ഷൻ 2(28) പ്രകാരം തെറ്റിദ്ധരിപ്പിക്കുന്ന പരസ്യം ഇതിനകം നിർവചിക്കപ്പെട്ടിട്ടുണ്ട്.

കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വാണിജ്യ സ്ഥാപനങ്ങൾക്ക് 113 നോട്ടീസുകൾ നൽകിയിട്ടുണ്ട്. അതിൽ 57 എണ്ണം തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾക്കും 47 നോട്ടീസുകൾ അന്യായമായ വ്യാപാര സമ്പ്രദായങ്ങളുമായി ബന്ധപ്പെട്ടവയും ഒമ്പത് എണ്ണം ഉപഭോക്തൃ അവകാശ ലംഘനവുമായി ബന്ധപ്പെട്ടവയുമാണ്.

കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വാണിജ്യ സ്ഥാപനങ്ങൾക്ക് 113 നോട്ടീസുകൾ നൽകിയിട്ടുണ്ട്. അതിൽ 57 എണ്ണം തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾക്കും 47 നോട്ടീസുകൾ അന്യായമായ വ്യാപാര സമ്പ്രദായങ്ങളുമായി ബന്ധപ്പെട്ടവയും ഒമ്പത് എണ്ണം ഉപഭോക്തൃ അവകാശ ലംഘനവുമായി ബന്ധപ്പെട്ടവയുമാണ്.

പരസ്യങ്ങളിലെ നിരാകരണങ്ങൾ (Disclaimer) ഉപഭോക്തൃ വീക്ഷണകോണിൽ നിർണായക പങ്ക് വഹിക്കുന്നു, കാരണം ഇത് ഒരു തരത്തിൽ കമ്പനിയുടെ ഉത്തരവാദിത്തത്തെ പരിമിതപ്പെടുത്തുന്നു.

'അതിനാൽ, അത്തരം പരസ്യത്തിലെ ഏതെങ്കിലും ക്ലെയിമിനെ സംബന്ധിച്ച വിവരങ്ങൾ മറയ്ക്കാൻ നിരാകരണം (Disclaimer) കൊണ്ട് ശ്രമിക്കരുതെന്ന് മാർഗ്ഗനിർദ്ദേശങ്ങൾ അനുശാസിക്കുന്നു, അവ ഒഴിവാക്കുകയോ അല്ലെങ്കിൽ അവയുടെ അഭാവമോ പരസ്യത്തെ വഞ്ചനാപരമാക്കുകയോ അല്ലെങ്കിൽ അതിന്റെ വാണിജ്യ ഉദ്ദേശ്യം മറച്ചുവെക്കുകയോ ചെയ്യും, മന്ത്രാലയം ചൂണ്ടിക്കാട്ടി.

നിരാകരണം പരസ്യത്തിലെ ക്ലെയിമിന്റെ അതേ ഭാഷയിലായിരിക്കുമെന്നും ഒരു നിരാകരണത്തിൽ ഉപയോഗിച്ചിരിക്കുന്ന ഫോണ്ട് ക്ലെയിമിൽ ഉപയോഗിച്ചിരിക്കുന്നതുപോലെയായിരിക്കുമെന്നും അതിൽ കൂട്ടിച്ചേർത്തു.

ഉപഭോക്താക്കളുടെ അവകാശ ലംഘനങ്ങൾ, അന്യായമായ വ്യാപാര സമ്പ്രദായങ്ങൾ, പൊതുജനങ്ങളുടെയും ഉപഭോക്താക്കളുടെയും താൽപ്പര്യങ്ങൾക്ക് വിരുദ്ധമായ തെറ്റായ അല്ലെങ്കിൽ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിയന്ത്രിക്കുന്നതിന് 2019 ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിലെ സെക്ഷൻ 10 പ്രകാരമാണ് CCPA സ്ഥാപിതമായത്.

തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾക്കുള്ള മാർഗരേഖകൾ താഴെ പറയുന്നവയാണ്

## സൗജന്യ വാഗ്ദാനങ്ങൾ

- സൗജന്യ വാഗ്ദാനങ്ങൾ എന്ന പേരിൽ നൽകപ്പെടുന്നവ സൗജന്യമായി കൈപ്പറ്റാൻ ഉപഭോക്താവ് എന്തു ചെയ്യണമെന്ന് പരസ്യത്തിൽ വ്യക്തമാക്കണം.
- ഉത്പന്നത്തിന്റെ പാക്കിംഗിനും കൈകാര്യം ചെയ്യാനും ചെലവായ തുക ആവശ്യപ്പെട്ടാൽ അവ സൗജന്യമെന്ന് വിശേഷിപ്പിക്കാൻ കഴിയില്ല.
- ഓഫറിന് നൽകുന്ന ഉത്പന്നം ഗുണനിലവാരം കുറഞ്ഞതാണെങ്കിലും സൗജന്യം എന്ന് വിശേഷിപ്പിക്കാനാവില്ല.

## കുട്ടികളെ ലക്ഷ്യംവെച്ച പരസ്യങ്ങൾ

- പരസ്യങ്ങൾ കുട്ടികളെ അപകടകരമാം വിധം പെരുമാറാൻ പ്രേരിപ്പിക്കുന്നതാകരുത്.
- നിഷ്കളങ്കതയെയും അറിവില്ലായ്മയെയും ചൂഷണം ചെയ്യുന്നതാകരുത്.
- അപ്രായോഗികമായ പ്രതീക്ഷ ജനിപ്പിക്കുന്ന തരത്തിൽ പൊലിപ്പിച്ച് കാണിക്കാൻ പാടില്ല.
- അവ ഉപയോഗിച്ചില്ലെങ്കിൽ കുറവാണെന്ന മട്ടിൽ അവതരിപ്പിക്കരുത്.
- വാങ്ങാൻ രക്ഷിതാക്കളെ അനുനയിപ്പിക്കാൻ കുട്ടികളെ ഉപദേശിക്കരുത്.
- പുകയില ഉത്പന്നങ്ങളുടെയും മദ്യത്തിന്റെയും പരസ്യത്തിൽ കുട്ടികളെ ഭാഗമാക്കാൻ പാടില്ല.
- കുട്ടികൾക്ക് വിലക്കപ്പെട്ടതോ ആരോഗ്യ മുന്നറിയിപ്പുള്ളതോ ആയ ഉത്പന്നങ്ങളുടെ പരസ്യത്തിൽ കായികം, സംഗീതം, സിനിമ മേഖലകളിലെ വ്യക്തിത്വങ്ങളെ ഭാഗമാക്കാൻ പാടില്ല.

## മുന്നറിയിപ്പുകൾ ശ്രദ്ധയോടെയാവണം

- പരസ്യത്തിൽ ഉന്നയി.ച്ച പ്രധാന അവകാശവാദങ്ങൾക്ക് വിപരീതമായതൊന്നും മുന്നറിയിപ്പിൽ ഉൾപ്പെടുത്താൻ പാടില്ല.
- തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ നിർണ്ണായക വിവരങ്ങൾ മറച്ചു വെക്കാനാകില്ല.
- പരസ്യത്തിലെ അവകാശവാദത്തിന്റെ അതേ ഭാഷയിലാകണം മുന്നറിയിപ്പും.

## ലംഘനത്തിനുള്ള ശിക്ഷ

മാർഗരേഖയുടെ ആദ്യലംഘനത്തിന് 10 ലക്ഷം രൂപയും ആവർത്തിച്ചാൽ 50 ലക്ഷവുമാണ് സ്ഥാപനങ്ങൾക്ക് പിഴ. തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ സാക്ഷ്യപ്പെടുത്തുന്ന വ്യക്തികളെ ഒരു വർഷം വിലക്കാം. ഇതാവർത്തിച്ചാൽ വിലക്ക് മൂന്നു വർഷം വരെയാകാം.

## ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളിലെ വ്യാജ അവലോകനങ്ങൾ

ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളിലെ വ്യാജ അവലോകനങ്ങൾ തടയുന്നതിന് വ്യവസായ പ്രതിനിധികളുമായി കൂടിയാലോചിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ ഉടൻ പുറത്തിറക്കും. ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളിലെ വ്യാജ അവലോകനങ്ങൾ തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനായി ഉപഭോക്തൃകാര്യ മന്ത്രാലയം അടുത്തിടെ ഇ-കൊമേഴ്സ് വ്യവസായം, അഡ്വർടൈസിംഗ് സ്റ്റാൻഡേർഡ് കൗൺസിൽ ഓഫ് ഇന്ത്യ, കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി, മറ്റ് വ്യാപാര സ്ഥാപനങ്ങൾ എന്നിവയുടെ പ്രതിനിധികളുമായി യോഗം ചേർന്നു. ഇന്ത്യയിലെ ഇ-കൊമേഴ്സ് സ്ഥാപനങ്ങൾ പിന്തുടരുന്ന നിലവിലെ സംവിധാനവും ആഗോളതലത്തിൽ ലഭ്യമായ മികച്ച രീതികളും പഠിച്ച ശേഷം ചട്ടക്കൂടുകൾ രൂപീകരിക്കും. ആമസോൺ, റിലയൻസ്, ഉപഭോക്തൃ സംഘടനകൾ, നിയമ സ്ഥാപനങ്ങൾ എന്നിവയുടെ പ്രതിനിധികൾ രൂപീകരിക്കുന്ന സമിതിയിലുണ്ടാകും.

ഒരു ഉൽപ്പന്നം ഭൗതികമായി കാണാനോ പരിശോധിക്കാനോ അവസരമില്ലാതെ വെർച്വൽ ഷോപ്പിംഗ് അനുഭവം ഇ-കൊമേഴ്സിൽ ഉൾപ്പെടുന്നതിനാൽ, ഇതിനകം സാധനങ്ങൾ / സേവനങ്ങൾ വാങ്ങിയ ഉപയോക്താക്കളുടെ അഭിപ്രായവും അനുഭവവും അറിയാൻ ഉപഭോക്താക്കൾ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളിൽ പോസ്റ്റ് ചെയ്യുന്ന അവലോകനങ്ങളെ വളരെയധികം ആശ്രയിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

# ASCI കോഡ് പരിഷ്ക്കരിക്കുന്നു

പരസ്യ ചിത്രീകരണങ്ങളിൽ അഡ്വർടൈസിംഗ് സ്റ്റാൻഡേർഡ് കൗൺസിൽ ഓഫ് ഇന്ത്യ (ASCI) അതിന്റെ കോഡ് അപ്ഡേറ്റ് ചെയ്തു. ലിംഗഭേദം, ലൈംഗിക ആഭിമുഖ്യം, ശരീരത്തിന്റെ ആകൃതി, പ്രായം, ശാരീരികവും മാനസികവുമായ അവസ്ഥകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ആരെയും പരിഹസിക്കുന്നതോ ആയ പരസ്യങ്ങൾ ASCI കോഡിന്റെ ലംഘനമായി പരിഗണിക്കും.

ASCI സിഇഒയും സെക്രട്ടറി ജനറലുമായ മനീഷ കപൂർ പറഞ്ഞു, 'സാമൂഹിക മാനദണ്ഡങ്ങൾ വികസിക്കുന്നതിനനുസരിച്ച് പരസ്യങ്ങളുടെ മൂല്യം നിലനിർത്തേണ്ടതുണ്ട്. പരസ്യങ്ങൾ വൈവിധ്യമാർന്ന ചിത്രീകരണങ്ങൾ ഉൾപ്പെടുത്തുന്നത് നല്ലതുതന്നെ, എന്നാൽ അസ്വീകാര്യമായ കാരിക്കേച്ചറുകളോ നിന്ദ്യമായ ചിത്രീകരണങ്ങളോ സൃഷ്ടിക്കുന്നതിനുപകരം പോസിറ്റീവ് ആയ രീതിയിലായിരിക്കണം. സമൂഹത്തിലെ ഉപഭോക്താക്കളുടെ ആശങ്കകൾ മനസിലാക്കുകയും നമ്മുടെ രാജ്യത്തെ എല്ലാ വിഭാഗങ്ങളിലുമുള്ള എല്ലാവരെയും ഉൾക്കൊള്ളുന്നതും ബോധവൽക്കരിക്കുന്നതുമായ പരസ്യങ്ങളിലൂടെ അവരുടെ താൽപ്പര്യം സംരക്ഷിക്കുകയും ചെയ്യണം.'

വംശം, ജാതി, മതം, ലിംഗഭേദം അല്ലെങ്കിൽ ദേശീയത എന്നിവയുടെ അടിസ്ഥാനത്തിൽ ആരെയും പരിഹസിക്കരുതെന്ന് ASCI കോഡ് ഇതിനകം തന്നെ പരസ്യങ്ങളിലൂടെ ആവശ്യപ്പെടുന്നു.


ഭാവിയെ അഭിമുഖീകരിക്കുന്ന ഒരു ഓർഗനൈസേഷൻ എന്ന നിലയിൽ, ASCI അതിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ എപ്പോഴും വികസിച്ചുകൊണ്ടിരിക്കുന്ന സമൂഹവുമായി ചേർന്ന് നിൽക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ പ്രവർത്തിക്കുന്നു. സമൂഹത്തിലെ ചില വിഭാഗങ്ങളുടെ പ്രതികൂലമായ ചിത്രീകരണങ്ങളെക്കുറിച്ച് ഉപഭോക്താക്കൾ കൂടുതൽ ആശങ്കാകുലരാകുമ്പോൾ, ഈമാറ്റം ശരിയായ പ്രതീക്ഷകൾക്ക് അനുസൃതമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുന്നു.


> മാർഗരേഖയുടെ ആദ്യലംഘനത്തിന് 10 ലക്ഷം രൂപയും ആവർത്തിച്ചാൽ 50 ലക്ഷവുമാണ് സ്ഥാപനങ്ങൾക്ക് പിഴ. തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ സാക്ഷ്യപ്പെടുത്തുന്ന വ്യക്തികളെ ഒരു വർഷം വിലക്കാം. ഇതാവർത്തിച്ചാൽ വിലക്ക് മൂന്നു വർഷം വരെയാകാം.

''ആളുകളെ പരിഹസിക്കുന്നതോ പ്രതികൂലമായ രീതിയിൽ ചിത്രീകരിക്കുന്നതോ ആയ പരസ്യങ്ങൾ അതുപോലെ, ശാരീരികമോ മാനസികമോ ആയ അസ്വാസ്ഥ്യമുള്ള ഒരാളെ പരിഹസിക്കുന്നത് അല്ലെങ്കിൽ അവരുടെ ലിംഗഭേദം എല്ലാം ASCIകോഡ് ലംഘിക്കും. ഈ മാറ്റത്തിലൂടെ, പരസ്യങ്ങൾ നമ്മുടെ രാജ്യത്തെ എല്ലാ വിഭാഗങ്ങളെയും കൂടുതൽ ഉൾക്കൊള്ളുന്നതും സംവേദനക്ഷമമാക്കുന്നതും ഉറപ്പാക്കുമെന്ന് ASCI പ്രതീക്ഷിക്കുന്നു, കൂടാതെ ഒരു പുരോഗമന സമൂഹത്തിൽ യോജിച്ചതല്ലാത്ത ചില ചിത്രീകരണങ്ങൾ അംഗീകരക്കാനാവില്ല'. അവർ കൂട്ടിച്ചേർത്തു. ASCI കോഡിലെ മാറ്റങ്ങൾ അടുത്തിടെ ബോർഡ് അംഗീകരിച്ചു.

വളരെ കാലമായി പരസ്യ വ്യവസായം സ്വയം നിയന്ത്രണത്തിന്റെ പാതയാണ് പിന്തുടരുന്നത്, നിയമത്തിന്റെയും സത്യസന്ധതയുടെയും മാന്യതയുടെയും പരിധിയിൽ നിൽക്കാൻ ഏവരും ബാദ്ധ്യസ്ഥരാണ്. ●

**ആഡ്കോം ന്യൂസ് ബ്യൂറോ**





# കുറഞ്ഞ വാക്കുകൾ, കൂടുതൽ ചിന്തകൾ കാർട്ടൂണിസ്റ്റ് രജീന്ദ്രകുമാർ

എഴുത്തു കുറച്ച് വരയിലൂടെ തന്നെ ആശയങ്ങൾ പ്രതിഫലിപ്പിക്കുന്ന രജീന്ദ്രകുമാറിന്റെ കാർട്ടൂണുകളും കാരിക്കേച്ചറുകളും വളരെ ശ്രദ്ധേയമാണ്. മാതൃഭൂമി പത്രത്തിലെ കാർട്ടൂണുകൾ പ്രത്യേകിച്ച് 'എക്സിക്കുട്ടൻ' ഓരോരുത്തരുടെ മനസ്സിലും ഓടി എത്തുന്നു

കാർട്ടൂണുകൾ കാണുന്നവർക്ക് നന്നായി ചിന്തിക്കുവാനും , കാര്യങ്ങൾ നന്നായ് മനസ്സിലാക്കുവാനും പറ്റിയ കാർട്ടൂണുകളും ആരും ഇഷ്ടപ്പെടുന്ന കാരിക്കേച്ചറുകളും ചിത്രരചന പഠിക്കാത്ത രജീന്ദ്രകുമാറിന്റെ കയ്യിൽ നിന്നു പ്രത്യക്ഷപ്പെട്ടാൽ ആരാണ് അതിശയിക്കാത്തത് ? എഴുത്തു കുറച്ച് വരയിലൂടെ തന്നെ ആശയങ്ങൾ പ്രതിഫലിപ്പിക്കുന്ന രജീന്ദ്രകുമാറിന്റെ കാർട്ടൂണുകളും കാരിക്കേച്ചറുകളും വളരെ ശ്രദ്ധേയമാണ്. മാതൃഭൂമി പത്രത്തിലെ കാർട്ടൂണുകൾ ഓരോരുത്തരുടെ മനസ്സിലും ഓടി എത്തുന്നുണ്ട്. ഈ അടുത്ത കാലത്ത് ഉദ്ഘാടനം നടന്ന കണ്ണൂരിലെ ഇ.കെ. നായനാർ മ്യൂസിയത്തിലേയ്ക്ക് തിരഞ്ഞെടുത്ത രജീന്ദ്രകുമാർ വരച്ച മുൻ മുഖ്യമന്ത്രി ഇ.കെ.നായനാരുടെ കാരിക്കേച്ചർ ആരുടെയും മനസ്സിൽ നിന്നും വിട്ടു മാറുകയില്ല. ജനങ്ങളെ നെഞ്ചോടു ചേർത്തു നിർത്തിയിരിക്കുന്ന ഇ.കെ.നായനാർ എല്ലാ മനസ്സിലും നിറഞ്ഞു നിൽക്കും. മാതൃഭൂമിയിൽ വരുന്ന രജീന്ദ്രകുമാറിന്റെ കാർട്ടൂണുകൾ നമ്മെ വളരെ ചിന്തിപ്പിക്കുന്നതാണ്. പ്രത്യേകിച്ച് 'എക്സിക്കുട്ടൻ' അതിലെ ഒരു പ്രണയ ദിനം കൂടി ആർക്കും മറക്കാൻ ആകില്ല. ഒത്തിരി നേരം കണ്ടു കൊണ്ടിരിക്കുവാനും നന്നായി മനസ്സിലാക്കുവാനും പ്രണയദിനം അവസരം നൽകുന്നു. മയിൽപ്പീലിയിലും, വളപ്പൊട്ടിലും, കുന്നിക്കുരുവിലും തുടങ്ങുന്ന പഴയ മനോഹര പ്രേമം! കാലം മാറി പെട്രോളും തോക്കും കഠാരയും ആസിഡും പ്രണയത്തിന് മാറ്റം വരുത്തിയിരിക്കുന്നു. രജീന്ദ്രകുമാറിന്റെ കാർട്ടൂണുകളെക്കുറിച്ച് ഇങ്ങനെ ഒരു പാട് പറയുവാനുണ്ട്.

കണ്ണൂർ ജില്ലയിലെ ആറളത്ത് കെ.ടി. ഗോപിനാഥിന്റെയും (റിട്ട സർക്കുലേഷൻ മാനേജർ മാതൃഭൂമി) സി. ശാരദയുടെയും മകനായി 1965 മാർച്ച് 17 ന് രജീന്ദ്രകുമാർ ജനിച്ചു. അദ്ദേഹം പഠിച്ചു വളർന്നതും കാർട്ടൂൺ രംഗത്തും കാരിക്കേച്ചർ രംഗത്ത് എത്തിയതുമായ ഇനിയുള്ള കാര്യങ്ങൾ നമുക്ക് മനസ്സിലാക്കുവാൻ രജീന്ദ്രകുമാറിന്റെ വാക്കുകൾ തന്നെ കേൾക്കാം.

'ഇപ്പോൾ താമസം കോഴിക്കോട് മേത്തോട്ട് താഴം എന്ന സ്ഥലത്ത്. മാതൃഭൂമി കോഴിക്കോട് യൂണിറ്റിൽ പരസ്യ വിഭാഗം സെക്ഷൻ ഓഫീസറായി ജോലി ചെയ്യുന്നു. (കാർട്ടൂണിസ്റ്റ് ഔദ്യോഗികപദവിയല്ലാത്ത കാർട്ടൂണിസ്റ്റ്) മാതൃഭൂമിയിലേക്ക് വരുന്ന തപാൽ വിലാസത്തിൽ പലപ്പോഴും കാർട്ടൂണിസ്റ്റാണ് ഞാൻ!

സ്കൂൾ വിദ്യാഭ്യാസം തുടങ്ങിയത് കണ്ണൂർ ട്രെയിനിംഗ് കോളേജ് സ്കൂളിൽ. മൂന്നാം ക്ലാസ്സ് മുതൽ ആറളം ഗവ.യു.പി.സ്കൂളിലേക്ക് മാറി. തികഞ്ഞ ഗ്രാമീണ പശ്ചാത്തലമുള്ള ഗ്രാമം. വൈദ്യുതി എത്തുന്നതു തന്നെ ഞാൻ ആറാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ്. ആദ്യ ബൾബ് പ്രകാശിച്ചപ്പോൾ മച്ചിന് മുകളിലുള്ള മാറാലകളും എട്ടുകാലികളേയും തെളിഞ്ഞു കണ്ടത് ഒരു കാർട്ടൂൺ ചിത്രം പോലെ ഇന്നും മനസ്സിലുണ്ട്! ഈ കാലത്ത് അമ്മാവൻ സുധാകരൻ ( ഇന്ത്യൻ ഓവർസീസ് ബാങ്ക്)










തപാലിൽ വരുത്തിയിരുന്ന ജനയുഗം വാരികയിലെയും, സോവിയറ്റ് നാട് പ്രസിദ്ധീകരണങ്ങളിലേയും കാർട്ടൂണുകളും ഇല്ലസ്ട്രേഷനും കുട്ടിമനസ്സിൽ കയറിപ്പറ്റി. പ്രത്യേകിച്ച് കാർട്ടൂണിസ്റ്റ് യേശുദാസന്റെ കാർട്ടൂൺ പംക്തികൾ. ഏഴാം ക്ലാസ്സ് മുതൽ കോഴിക്കോട് സാമൂതിരി ഹൈസ്കൂളിലേക്ക് പഠനം മാറി. അച്ഛന് കണ്ണൂരിൽ നിന്നും കോഴിക്കോട് മാതൃഭൂമി ഓഫീസിലേക്ക് സ്ഥലം മാറ്റം കിട്ടി. ചിത്രരചനയിൽ താത്പര്യം തോന്നിത്തുടങ്ങിയ കാലം. പ്രീഡിഗ്രി പഠനം കോഴിക്കോട് ദേവഗിരി സെന്റ് ജോസഫ്സ് കോളേജിൽ. കാർട്ടൂണുകൾ കോറിത്തുടങ്ങിയ കാലം. 1980 – 82. ബുക്കിന്റെ പുറം ചട്ടയിൽ അധ്യാപകരെ കോറിയിടാൻ തുടങ്ങി. അതിന്റെ പേര് കാരിക്കേച്ചറായിരുന്നെന്ന് തിരിച്ചറിയാൻ പിന്നെയും രണ്ട് മൂന്ന് വർഷം എടുത്തു. 1985 ൽ ഡിഗ്രിപഠനം കഴിഞ്ഞയുടനെ കോളേജ് മാഗസിനു വേണ്ടി റിട്ടയർ ചെയ്യുന്ന രണ്ട് അധ്യാപകരുടെ കാരിക്കേച്ചർ (പ്രഫസർ പി.കെ.എം രാജ, ഐ.ജി.ഭാസ്ക്കരപ്പണിക്കർ) വരച്ചു തരാമോ എന്ന് മലയാളം പ്രഫസർ ശശിധരൻ സർ ചോദിച്ചു. പിൽക്കാലത്ത് കാരിക്കേച്ചറിൽ അന്താരാഷ്ട്ര പുരസ്ക്കാരം നേടിയ ഞാൻ ആ പദം കേൾക്കുന്നത് അന്നാണ്! സർ എനിക്ക് ഉദാഹരണമായി കാണിച്ചു തന്നത് ഇല്ലസ്ട്രേറ്റഡ് വീക്കിലിയിൽ ഗോപി ഗജ്വാനി വരച്ച കാരിക്കേച്ചറുകളായിരുന്നു. അതേ ശൈലിയിൽ നേർത്ത രേഖകൾ ഉപയോഗിച്ച് ഒരു വിധം ഭംഗിയായി അത് ചെയ്തു. മഷി പുരളുന്ന ആദ്യ രചന അതാവാം. കാർട്ടൂൺ ആദ്യമായി അച്ചടിച്ചു വന്നത് 1984 ജൂണിൽ അസാധു മാസികയിൽ. ഇതാ ഈ ജൂണിൽ 38 വർഷം തികയുന്നു!

പിന്നീട് ധാരാളം 'കോട്ടയം' പ്രസിദ്ധീകരണങ്ങളിൽ വരച്ചു. ഞാനിപ്പോഴും അവയെല്ലാം നെഞ്ചിലേറ്റുന്നു. അവയെ 'മ' പ്രസിദ്ധീകരണങ്ങൾ എന്ന് പറഞ്ഞ് പുച്ഛിക്കുന്നവരോട് കാർട്ടൂൺ കാര്യത്തിൽ എനിക്ക് വിയോജിപ്പുണ്ട്. അവർ നൽകുന്ന 'സ്പേസി' ന്റെ വില വളരെ വലുതാണ്! (ഗ്യാപ്പ് ഫില്ലർ എന്ന് ബുദ്ധിജീവികൾ കളിയാക്കാറുള്ള ആ സ്പേസ് !) വരച്ചു തുടങ്ങുന്നവർക്ക് അത് നൽകുന്ന ഊർജ്ജം വളരെ വലുതാണ്. സീരിയസ് പ്രസിദ്ധീകരണങ്ങളിൽ അത്തരം 'ഇടം ' ഇന്നും നൽകാറില്ല.

എന്റെ അയൽ വീട്ടിൽ കുങ്കുമം വാരിക സ്ഥിരമായി വാങ്ങാറുണ്ടായിരുന്നു. അങ്ങിനെയാണ് കാർട്ടൂണിസ്റ്റ് പി.വി കൃഷ്ണനെ പരിചയപ്പെടുന്നത്. സാക്ഷി പോലെ ആസ്വദിച്ച് വായിച്ച ഒരു കാർട്ടൂൺ പിന്നീട് ഒരിക്കലും ഉണ്ടായിട്ടില്ല. നർമ്മവും മൂർച്ചയുള്ള വിമർശനവും ശക്തമായ രാഷ്ട്രീയവും, പ്രേമവും, സെക്സും എല്ലാം ആ പിന്നാമ്പുറത്തെ ഒററ ഫ്രെയിമിൽ ഉണ്ട് ! കോഴിക്കോട്ട് നടന്ന ഒരു പരിപാടിക്കിടയിൽ അദ്ദേഹത്തിൽ നിന്ന് ഒരു ഓട്ടോഗ്രാഫ് വാങ്ങി. പിന്നീട് ചില എഴുത്തുകുത്തുകൾ നടത്തി. ഞാൻ ഒരിക്കലും മറക്കാത്ത ഒരു വിലാസം അദ്ദേഹത്തിന്റേതാണ് : ചൈത്രം, കരിയം, ശ്രീകാര്യം പോസ്റ്റ്, തിരുവനന്തപുരം-17. അതിൽ ഒരെഴുത്തിലെ പ്രോത്സാഹനം തരുന്ന ചില വരികൾ കാർട്ടൂണിൽ ഉറച്ചുനിൽക്കാൻ എന്നെ പ്രേരിപ്പിച്ചു. ആത്മീയ ഗുരു അദ്ദേഹമാണെന്ന് പറയാം! ആ സമയത്തു തന്നെ (1987ൽ) കേരള കാർട്ടൂൺ അക്കാദമി ആദ്യമായി നടത്തിയ സംസ്ഥാനതല കാർട്ടൂൺ മത്സരത്തിൽ പൊതു വിഭാഗത്തിൽ മൂന്നാം സ്ഥാനം നേടി. സുകുമാർ, ശിവറാം, സീരി, നാഥൻ തുടങ്ങി കാർട്ടൂൺ രംഗത്തെ പ്രഗത്ഭരെ ആദ്യമായി കാണുന്നതും മലയാറ്റൂർ രാമകൃഷ്ണനിൽ നിന്ന് സമ്മാനം ഏറ്റുവാങ്ങിയതും നിറമുള്ള ഓർമ്മകളാണ്. ആ കാലത്ത് കണ്ണൂരിൽ നടന്ന (ബ്രഷ് മാൻ സ്കൂൾ ഓഫ് ആർട്ട്സ്) ഒരു കാർട്ടൂൺ ക്യാമ്പിൽ വെച്ചാണ് ഏറ്റവുമധികം കാർട്ടൂൺ സിംഹങ്ങളെ കണ്ടത്. സുകുമാർ, ശിവറാം, സീരി, ബി.എം.ഗഫൂർ, യേശുദാസൻ, ടോംസ്, പി.വി.കൃഷ്ണൻ, നാഥൻ, എസ്. മോഹൻ, മോഹന ചന്ദ്രൻ, ജോൺ തുടങ്ങി പുതുതായി അന്ന് രംഗത്തെത്തിയ പ്രസന്നൻ ആനിക്കാട്, പ്രതാപൻ പുളിമാത്ത് എന്നിവരെല്ലാം അവിടെയുണ്ടായിരുന്നു. അവരുടെയെല്ലാം ഓട്ടോഗ്രാഫുകൾ ഇന്നും നിധി പോലെ സൂക്ഷിക്കുന്നു. കാർട്ടൂണിസ്റ്റ് ബാലു, ജി.ഹരി, കാർട്ടൂണിസ്റ്റ് വേണു, മധു ഓമല്ലൂർ, സജ്ജീവ് തുടങ്ങിയവരെ പരിചയപ്പെടുന്നത് മറ്റൊരു ക്യാമ്പിൽ വെച്ചാണ്. ഈ സമയത്ത് കേസരി വാരികയിൽ രാഷ്ട്രീയ കാർട്ടൂണുകൾ ധാരാളം വരയ്ക്കാൻ കഴിഞ്ഞു. നന്ദിപൂർവ്വം സ്മരിക്കുന്നത് പത്രാധിപരായ പരേതനായ ശ്രീ.പി.കെ.സുകുമാരനെയാണ് 1988 ൽ കേരള കൗമുദിയിൽ രാഷ്ട്രീയ കാർട്ടൂണുകൾ വരയ്ക്കാൻ അവസരം ലഭിച്ചു. താത്പര്യമുണ്ടെങ്കിൽ സബ് എഡിറ്ററായി ഇരുന്നു കൊണ്ട് (കാർട്ടൂണിസ്റ്റ് പോസ്റ്റ് അന്നവിടെ ഇല്ല) വരയ്ക്കാം എന്നു പറഞ്ഞു. റസിഡന്റ് എഡിറ്ററായിരുന്ന പ്രശസ്ത സാഹിത്യകാരൻ എൻ.പി.മുഹമ്മദിന്റെ സാന്നിദ്ധ്യത്തിലായിരുന്നു ആ ചോദ്യം. ഏറ്റവും സന്തോഷിച്ച നിമിഷം.

പക്ഷെ കാർട്ടൂണിസ്റ്റ് പദവി ഔദ്യോഗികമായി അലങ്കരിക്കാനുള്ള ഭാഗ്യം ഉണ്ടായില്ല. അടുത്ത ദിവസമാണ് മാതൃഭൂമിയിൽ ക്ലറിക്കൽ വിഭാഗത്തിൽ ജോയിൻ ചെയ്യാൻ കത്ത് വരുന്നത്. വിഷമത്തോടെ എൻ.പി.യെ കണ്ടു. അദ്ദേഹം പറഞ്ഞു, മാതൃഭൂമിയിൽ എന്ത് ജോലി ലഭിച്ചാലും സ്വീകരിക്കുക. വര കൈയ്യിലു
















ണ്ടല്ലോ. നല്ല സമയം ഇനിയും വരും.

മാതൃഭൂമിയിൽ വച്ച് ബി.എം. ഗഫൂറിനെ പരിചയപ്പെടുന്നിടത്തു നിന്നാണ് അംഗീകൃത കാർട്ടൂണിസ്റ്റായി മാറുന്നത്. പത്രാധിപരെ പരിചയപ്പെടുത്തുന്നതും, അക്കൗണ്ട്സ് വിഭാഗത്തിലെ ഉദ്യോഗസ്ഥനായ എന്നെക്കൊണ്ട് സ്ഥിരം കോളം ചെയ്യിച്ചതും അദ്ദേഹത്തിന്റെ പ്രേരണയാലാണ്. ഗുരുസ്ഥാനത്ത് പ്രതിഷ്ഠിച്ചതും അദ്ദേഹത്തെത്തന്നെ. ശങ്കറിന്റെ ശിഷ്യനായ അദ്ദേഹത്തിൽ നിന്ന് ഒരുപാട് കാര്യങ്ങൾ പകർന്നു കിട്ടി. കാർട്ടൂണിലെ ശരിതെറ്റുകളെക്കുറിച്ച് അദ്ദേഹം ധാരാളം കാര്യങ്ങൾ പറഞ്ഞു തന്നു. വരയ്ക്കപ്പെടുന്ന വ്യക്തി പോലും അത് ആസ്വദിക്കുന്ന തലത്തിൽ കാർട്ടൂൺ രചന എത്തി നിൽക്കുമെങ്കിൽ അതാണ് നല്ല കാർട്ടൂൺ എന്ന് പറയാറുണ്ട്. ശങ്കർ–നെഹ്റു ബന്ധം ഉദാഹരിക്കാറുമുണ്ട്. ഇന്ന് സോഷ്യൽ മീഡിയായിൽ വരുന്ന കാർട്ടൂണുകൾ പലതും മൂർച്ചയുള്ളതാണ്. പക്ഷെ വ്യക്തിഹത്യയുടെ സ്വഭാവം പലപ്പോഴും മുഴച്ചു നിൽക്കുന്നതായി തോന്നിയിട്ടുണ്ട്.

'എക്സിക്കുട്ടൻ ' എന്ന സ്ഥിരംകാർട്ടൂൺ കോളവും മാതൃഭൂമിയിൽ പ്രസിദ്ധീകരിക്കാൻ അവസരം ലഭിച്ചു. പരസ്യ വിഭാഗത്തിൽ സെക്ഷൻ ഓഫീസറായി ജോലി ചെയ്യുമ്പോൾ (ഇന്നും അവിടെയാണ്) ക്ലാസിഫൈഡ് കോളത്തിൽ ഒരു കാർട്ടൂൺ തുടങ്ങിയാൽ അത് ആ പേജിനെ കൂടുതൽ ജനശ്രദ്ധയാകർഷിക്കും എന്ന ആശയം ആദ്യമായി ഞങ്ങളുടെ നാഷണൽ ഹെഡ്ഡ് (മീഡിയാ സൊല്യൂഷൻ) ജയകൃഷ്ണനാണ്. പത്രാധിപരായ ഗോപാലകൃഷ്ണൻ സാർ അതിന് അനുമതിയും തന്നു.

ഉൾപ്പേജിലാണെങ്കിലും അന്നും ഇന്നും ധാരാളം പേർ ശ്രദ്ധിക്കുന്ന കോളമായി അതു മാറി. എക്സിക്കുട്ടനെക്കുറിച്ച് ആരെങ്കിലും (അനുകൂലമായും, പ്രതികൂലമായും) വിളിക്കുകയോ, എഴുത്തെഴുതുകയോ, മെസ്സേജ് തരികയോ, നേരിൽ പറയുകയോ ചെയ്യാത്ത ഒററ ദിവസം പോലുമില്ല! ഇതോട് ചേർത്ത് ഒരു അനുഭവം കൂടി പറയാം. മനോരമ ചാനലിൽ വർഷാന്ത്യത്തിൽ ഒരു ചർച്ച നടക്കുന്നു. സുകുമാർ അഴീക്കോട്, സാഹിത്യകാരൻ സേതു, പി.ടി. ഉഷ തുടങ്ങി പ്രശസ്തരുടെ ഒരു നിര തന്നെയുണ്ട്. തങ്ങളെ പോയ വർഷം ആകർഷിച്ച ഒരു സംഭവം ഓർത്തെടുക്കാനായിരുന്നു. ഇതിൽ പ്രശസ്ത സാഹിത്യകാരൻ സേതു സാറിനെ ആകർഷിച്ചത് എന്റെ ഒരു എക്സിക്കുട്ടനായിരുന്നു! തിരുവമ്പാടി ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഒരു കാർട്ടൂണായിരുന്നു അത്. ഉൾപ്പേജിൽ പരസ്യങ്ങൾക്കിടയിൽ ഒളിഞ്ഞിരിക്കുന്ന എക്സിക്കുട്ടൻ അദ്ദേഹത്തെ ആകർഷിച്ചതും അദ്ദേഹം ഓർത്തെടുത്തതും എനിക്ക് ലഭിച്ച ഏത് പുരസ്ക്കാരത്തേക്കാളും വിലമതിക്കുന്നതായിരുന്നു. അടുത്ത ദിവസം തന്നെ അദ്ദേഹത്തിന് കത്തെഴുതി. ആ സ്നേഹം ഇന്നും തുടർന്നു വരുന്നു. തിരക്കുകൾക്കിടയിലും പോസ്റ്റ് ചെയ്യുന്ന കാർട്ടൂൺകൾ അദ്ദേഹം ശ്രദ്ധിക്കാറുണ്ട് അഭിപ്രായം രേഖപ്പെടുത്താറുമുണ്ട്. കാർട്ടൂണിന്റെ ശക്തി തിരിച്ചറിഞ്ഞ ഒരുപാട് അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. മാതൃഭൂമി കോഴിക്കോട് നഗരം പേജിൽ, 'സിറ്റി കോർണർ' എന്ന പേരിൽ ഒരു കാർട്ടൂൺ കോളം ചെയ്തിരുന്നപ്പോൾ റോഡിലെ ഗട്ടറുകൾ അടച്ചതും മറ്റും ഓർക്കുന്നു.

ഗോപീകൃഷ്ണനെ മാതൃഭൂമിയിൽ വരുന്നതിനു മുമ്പെ തന്നെ പരിചയപ്പെട്ടിരുന്നു. ദൃഢമായ സൗഹൃദം ഇന്നും തുടരുന്നു. മാതൃഭൂമിയിലെ തന്നെ ഉണ്ണികൃഷ്ണനും അടുത്ത സുഹൃത്താണ്. ദൽഹിയിലുള്ള കാർട്ടൂണിസ്റ്റ് സുധീർ നാഥിനെ ഈ കാർട്ടൂൺ കുറിപ്പിൽ തീർച്ചയായും പരാമർശിക്കണം. റസൂൽ പൂക്കുട്ടി എഡിറ്റ് ചെയ്ത ബച്ചൻ കാർട്ടൂൺ സമാഹാരത്തിൽ കാരിക്കേച്ചർ ഉൾപ്പെടുത്താൻ വേണ്ടി അയക്കാൻ നിർബന്ധിച്ചത് അദ്ദേഹമാണ്. ജയാബച്ചൻ ഉൾപ്പെട്ട പാനൽ എന്റെ രണ്ട് കാരിക്കേച്ചറുകൾ ഉൾപ്പെടുത്തി. അതുപോലെ കണ്ണൂരിൽ ഈയിടെ ഉദ്ഘാടനം ചെയ്ത EK നായനാർ അക്കാദമിയിൽ ഇന്ത്യയിൽ നിന്ന് 8 കാർട്ടൂണുകൾ സെലക്ട് ചെയ്തതിൽ ഒന്ന് എന്റേതാണ്. സത്യത്തിൽ തണുപ്പനായ എന്നെ അവസാന നിമിഷം വരെ അയക്കാൻ നിർബന്ധിച്ചതും സുധീറാണ്. ഇന്ന് ഞാൻ ഏറെ ഇഷ്ടപ്പെടുന്ന കാർട്ടൂണിസ്റ്റ് മാധ്യമത്തിലെ രാകേഷ് ആണ്, ലളിതവും, ശക്തവുമായ കാർട്ടൂണുകൾ. കേരള കൗമുദിയിലെ സുജിത്തിന്റെ കാർട്ടൂണും എന്നെ അതിശയിപ്പിച്ചിട്ടുണ്ട്. ചന്ദ്രിക ദിനപത്രത്തിലും (ഒന്നാം പേജിൽ), കോഴിക്കോട്ട് നിന്നുള്ള ചില്ല മാസികയിലും സ്ഥിരം കാർട്ടൂൺ പംക്തി ചെയ്തിട്ടുണ്ട്.

ശ്രദ്ധേയമായ രണ്ട് പുരസ്ക്കാരങ്ങൾ 1990 കളിൽ ലഭിച്ചു. ഹിന്ദുസ്ഥാൻ ടൈംസിന്റെ ദേശീയ കാരിക്കേച്ചർ മത്സരത്തിൽ മൂന്നാം സ്ഥാനം, നാഷണൽ ഫിലിം അക്കാദമിയുടെ കാരിക്കേച്ചറിസ്റ്റ് ഓഫ് ദ ഇയർ ബഹുമതി. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റേതടക്കം കുറെയേറെ പുസ്തകങ്ങളുടെ പുറംചട്ടയും ഇല്ലസ്ട്രേഷനും






ചെയ്തിട്ടുണ്ട്. 2015 ൽ ലളിത കലാ അക്കാദമി കാർട്ടൂൺ അവാർഡ് ലഭിച്ചു. വിദ്യാഭ്യാസ വകുപ്പിന്റെ യുവജനോത്സവ കാർട്ടൂൺ പുരസ്ക്കാരം രണ്ടു തവണ നേടി. ഉത്തം കുമാറിന്റെ നേതൃത്വത്തിലുള്ള മുംബൈ വസായ് പ്രതീക്ഷാ ട്രസ്റ്റിന്റെ 2019 ലെ കാർട്ടൂൺ പുരസ്ക്കാരം മുംബൈയിൽ വെച്ച് ഏറ്റുവാങ്ങിയതും വലിയ അനുഭവമായി.

തോമസ് ആന്റണിയുമായി പരിചയപ്പെട്ട ശേഷമാണ് വിദേശ കാർട്ടൂൺ-കാരിക്കേച്ചർ മത്സരങ്ങളിൽ കമ്പം കയറുന്നത്. ആയിടയ്ക്ക് തന്നെ കാർട്ടൂണിസ്റ്റ് ബാലു ച്ചേട്ടൻ ഒരു ദിവസം അമേരിക്കൻ കാർട്ടൂണുകളുടെ ഒരു സമാഹാരം എത്തിച്ചു തന്നു!

പിന്നെ അതിലായി ശ്രദ്ധ മുഴുവൻ. ഇറാന്റെയും , സിറിയൻ കാർട്ടൂൺ സിന്റിക്കേറ്റിന്റേയും സൈറ്റുകളിൽ നിന്ന് ധാരാളം കാർട്ടൂണുകൾ കാണാനും പഠിക്കാനും ശ്രമിച്ചു. കാരിക്കേച്ചറിസ്റ്റുകൾക്കായുള്ള ഫെയ്സ്ബുക്ക് കൂട്ടായ്മകളുടെ മത്സരത്തിൽ നിരവധി തവണ നേട്ടങ്ങൾ കൈവരിക്കാനായി. International caricature spirit Contest India, Caricaturuma Showdown 3000, Traditional Caricature Art Contest തുടങ്ങിയവയിൽ അന്താരാഷ്ട്ര കാരിക്കേച്ചർ രംഗത്ത് തിളങ്ങുന്ന വ്യക്തികളുമായി മത്സരിക്കാനും ഒന്നാം സ്ഥാനം വരെ നേടാനും കഴിഞ്ഞത് അഭിമാനപൂർവ്വം സ്മരിക്കുന്നു. ഇവയിൽ ചില ഗ്രൂപ്പുകൾ കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള രചനകൾ അനുവദിക്കാറില്ല. പൂർണ്ണമായും കൈ കൊണ്ട് വരച്ച് കളർ ചെയ്ത് അയക്കണം. (സ്കാൻ ചെയ്ത് അയക്കാം) ഇതിൽ ഒരു തവണ പുരസ്ക്കാരം ലഭിച്ചിട്ടുണ്ട്. വിദേശ മത്സരങ്ങൾ പലതും വിഷയം നൽകിയായിരിക്കും എൻട്രികൾ ക്ഷണിക്കുന്നത്. അവരിൽ പലരും ഓരോ കാർട്ടൂണിനും വേണ്ടി എടുക്കുന്ന ശ്രമം (ഡിജിറ്റൽ ആണെങ്കിൽ കൂടി) വളരെ വലുതാണ്. എങ്കിൽ മാത്രമേ കാർട്ടൂൺ ആകൂ എന്നില്ല. പുലിറ്റ്സർ പുരസ്ക്കാരം നേടിയ സിമ്പിളായ കാർട്ടൂൺ വരയെ ഇവിടെ ഓർക്കുന്നു. പക്ഷെ ആ സിമ്പിളിനു പിന്നിലും വലിയ ശ്രമമുള്ളതായി കാണാം. ഇത് ഇവിടെ പറയാൻ കാരണം ട്രോളുകൾ പോലെ വളരെ ലളിതമായ രീതിയിൽ സംഭാഷണങ്ങൾ എഴുതിനിറച്ച് ഒരുപാട് കാർട്ടൂണുകൾ കാണാറുള്ളതു കൊണ്ടാണ്. പരമാവധി എഴുത്ത് കുറച്ച് കഴിയുന്നതും വരയിലൂടെ തന്നെ ആശയങ്ങൾ പ്രതിഫലിപ്പിക്കാൻ കാർട്ടൂണിന് കഴിയണം എന്നതാണ് എന്റെ അഭിപ്രായം. മലയാളികളുടെ അഭിമാനമായ TV G മേനോനെ ഈ അവസരത്തിൽ ഓർക്കുന്നു. റഷ്യ, ജർമ്മനി, ഇറ്റലി, ഈജിപ്ത്, പോർച്ചുഗൽ, ഇസ്താംബൂൾ, ഇറാൻ, ഇൻഡോനേഷ്യ, സെർബിയ തുടങ്ങി വിവിധ രാജ്യങ്ങളിലെ പ്രദർശനങ്ങളിൽ കാർട്ടൂണുകളും കാരിക്കേച്ചറുകളും ഇടം പിടിച്ചിട്ടുണ്ട്. നിരവധി കാറ്റലോഗുകളിൽ കാർട്ടൂണുകൾ പ്രിന്റ് ചെയ്ത് വന്നിട്ടുണ്ട്. തപാൽ വഴി അവ നേരിട്ട് അയച്ചു തരാറുമുണ്ട്. ഇപ്പോൾ അധികവും (കോവിഡിന് ശേഷം) ഡിജിറ്റലായാണ് അയക്കാറുള്ളത്. യൂണിയൻ ഓഫ് വേൾഡ് കാർട്ടൂൺ മാഗസിൻ, ബിർ കിററാപ് ബിൻ ഡോസ്റ്റ് കാർട്ടൂൺ മാഗസിൻ തുടങ്ങിയവയിൽ കാർട്ടൂൺ ഇടം നേടിയിട്ടുണ്ട്.

2021–22 അന്താരാഷ്ട്ര കാർട്ടൂൺ നേട്ടങ്ങളുടെ വർഷമായിരുന്നു. റൊമാനിയയിലെ ഗുറ ഹ്യൂമറുലുയിൽ നടന്ന 31–ാം മത് ഇന്റർനാഷണൽ ഫെസ്റ്റിവൽ ഓഫ് സറ്റയറിക്കൽ ഗ്രാഫിക്സ് ആന്റ് ഹ്യൂമറസ് ലിറ്ററേച്ചർ ഫെസ്റ്റിവലിൽ കാർട്ടൂൺ വിഭാഗത്തിൽ അന്താരാഷ്ട്ര തലത്തിൽ മൂന്നാം സ്ഥാനം നേടി. 52 രാജ്യങ്ങളിൽ നിന്നായി 400 ൽ പരം കാർട്ടൂണിസ്റ്റുകൾ പങ്കെടുത്തു. വിഷയം : കെയ്ജ് ഓഫ് ഫ്രീഡം. ബ്രസീൽ ലിമായിറയിലെ പതിനേഴാമത് ഇന്റർനാഷണൽ ഹ്യൂമർസലോൺ 2021 കാർട്ടൂൺ – കാരിക്കേച്ചർ മത്സരത്തിൽ കാരിക്കേച്ചറിന് പ്രത്യേക പരാമർശം ലഭിച്ചു. 48 രാജ്യങ്ങളിൽ നിന്നുള്ള കാർട്ടൂണിസ്റ്റുകൾ പങ്കെടുത്തിരുന്നു. തുർക്കിയിലെ ബിർ കിററാപ് ബിൻ ഡോസ്റ്റ് മാഗസിൻ 'വാർ ആന്റ് ചിൽഡ്രൻ' എന്ന വിഷയത്തിൽ അന്താരാഷ്ട്ര തലത്തിൽ നടത്തിയ കാർട്ടൂൺ മത്സരത്തിൽ സ്പെഷൽ പ്രൈസ് ലഭിച്ചു. ഫെയ്സ്ബുക്ക് പോലുള്ള സോഷ്യൽ മീഡിയകളുടെ പങ്ക് കാർട്ടൂൺ രചനയ്ക്ക് ഒരുപാട് സഹായിച്ചിട്ടുണ്ട്. അന്താരാഷ്ട്ര അതിർവരമ്പുകൾ മാഞ്ഞു പോകുകയാണ്. കൂടുതൽപ്പേർ ഈ രംഗത്തേക്ക് കടന്നു വരണം എന്നാണ് ആഗഹം.

ഭാര്യ എം. മിനി. മക്കൾ : മാളവിക, കോഴിക്കോട് സൈബർപാർക്കിൽ ഉദ്യോഗസ്ഥ. ഋഷിക (സി.എ. സ്റ്റുഡന്റ്) കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജിൽ നിന്ന് ബി.കോം ബിരുദം നേടി. ●



**എൽ.രാജശേഖരൻ മുതുകുളം**



Model code: 337/2022

Name : **Parul Arora**

Height : 5.2 ft

Vitals : 34 -28 - 34

Interest : Acting & Modeling

Job Track : Actress, Dubbing Artist for Disney











Model code: 338/2022

Name : **Riyovaishnav**

Height : 5.8 ft

Vitals : 36 -30 - 36

Interest : Acting & Modeling

Job Track : Movie, print media print shoot, ramp show, serial, albem etc









Model code: 339/2022

Name : **Ruby Taurus**

Height : 5.7 ft

Vitals : 34-28-36

Interest : Acting & Modeling

Job Track : Actress, Singer, Model









Model code: 340/2022

Name : **RUMELI KAR**

Height : 5.5 ft

Interest : Acting & Modeling

Job Track : Print & Commercial ads









Model code: 341/2022

Name : **Harshini V**

Height : 5.6 ft

Interest : Acting & Modeling

Job Track : Actress,Print & Commercial ads









Model code: 342/2022

Name : **Prakriti Sharma**

Height : 5.4 ft

Vitals : 34-28-35

Interest : Acting & Modeling

Job Track : Short Film, Web Series, Musical video etc









Model code: 343/2022

Name : **Iti Acharya**

Interest : Acting & Modeling

Job Track : Print & Commercial ads





## CONCEPT SHOOT

Concept:

# SUMMER FASHION

Costume Designer :
**Smruthy Simon**

Editing:
**Franks Sebz**

Location :
**Parakkat Nature Resort, Munnar**

Photography :
**Vinu Shankar**

Makeup :
**Sijis Bridal Beauty & Makeover**

Ornaments:
**Parakkat Jewellers**

Special Thanks:
**Preeti Parakkattu, Resmi P.B. , Reshma Sreeju, Anju C.J.**

Models :
**Sarayu, Dr.Aiswarya T.K**

























# വാട്ടർ കളർ ചിത്രരചനയുമായി ശബരി ഗിരീഷ്

ശബരി ഗിരീഷ് വരച്ച ആപ്പിളിന്റെ പടത്തിന്റെ സൗന്ദര്യവും ഭംഗിയും മറ്റാരെങ്കിലും ഓയിൽ കളറിൽ ചെയ്താൽ പോലും വാട്ടർ കളറിൽ ശബരി ഗിരീഷ് വരച്ച ആപ്പിളിന്റെ സൗന്ദര്യം കിട്ടില്ല. ആപ്പിളിന്റെ ഫോട്ടോ എടുത്തതാണെന്നേ ആ പടം കണ്ടാൽ തോന്നുകയുള്ളു.

പാലക്കാട് പിരായിയിൽ സർഗ്ഗാത്മക സൃഷ്ടികളിൽ വ്യാപൃതനായിരിക്കുന്ന ശബരി ഗിരീഷ് ചിത്രകലയിൽ ഏറെ ശ്രദ്ധേയനാണ്. കുട്ടിക്കാലം മുതലേ ശബരി ഗിരീഷിന് ചിത്രകലയോട് വലിയ താൽപ്പര്യമായിരുന്നു. കൃഷ്ണൻ കുട്ടി മേനോന്റെയും കുഞ്ഞമ്മാളുവിന്റെയും പുത്രനായ ശബരി ഗിരീഷിനെ കുട്ടിക്കാലത്ത് ചിത്രരചന പഠിക്കാൻ വീട്ടുകാർ സമ്മതിച്ചില്ല. അച്ഛനും അമ്മയ്ക്കും മകൻ ചിത്രരചന പഠിക്കുന്നതിനോട് വലിയ താൽപ്പര്യം ഇല്ലായിരുന്നു. മകൻ നന്നായി പഠിച്ച് നല്ല ജോലിക്കാരനാകണമെന്ന ആഗ്രഹമായിരുന്നു അവർക്ക്. സ്കൂളിലും കോളേജിലും പഠിക്കുന്ന കാലത്ത് ചിത്രരചനാ മൽസരത്തിൽ വീട്ടുകാർ അറിയാതെ പങ്കെടുക്കുകയും സമ്മാനങ്ങൾ നേടുകയും ചെയ്തിരുന്നു. രവിവർമ്മ തമ്പുരാൻ വരച്ച ചിത്രങ്ങളുടെ അച്ചടിച്ച കോപ്പികൾ കണ്ട കാലം മുതൽ തമ്പുരാന്റെ ചിത്രങ്ങളോട് താൽപ്പര്യം കൂടുകയും അതുപോലൊരു ചിത്രകാരനാകണമെന്ന് മനസ്സിനുള്ളിൽ അതിയായ ആഗ്രഹമുണ്ടാകുകയും ചെയ്തു.

അച്ഛൻ പോസ്റ്റോഫീസിലെ സോർട്ടിംഗ് പോസ്റ്റമാൻ ആയിരുന്നു. അമ്മ അദ്ധ്യാപികയും. മകനെ നന്നായി പഠിപ്പിച്ച് നല്ലൊരു ജോലിക്കാരനാക്കും എന്നത് അച്ഛന്റെയും അമ്മയുടെയും വാശിയായിരുന്നു. അവരുടെ വാശി സാധിച്ചു. സ്കൂളിലും കോളേജിലും എല്ലാം മകൻ നന്നായി പഠിച്ചു. രണ്ടാം ക്ലാസുമുതൽ ചിത്രകലയുടെ കാര്യം കേട്ടുതുടങ്ങിയെങ്കിലും ഒത്തിരി ചിത്രരചനാ മൽസരങ്ങളിൽ പങ്കെടുത്ത് സമ്മാനങ്ങൾ നേടിയെങ്കിലും ചിത്രകല പഠിക്കുവാൻ സാധിച്ചില്ല. പഠനത്തിനും ജീവിതമാർഗ്ഗത്തിനുമായുള്ള അലച്ചിലിൽ വര കൈവിട്ടു പോയി എന്നു പറയത്തക രീതിയിൽ എത്തി. പതിറ്റാണ്ടുകൾക്കു മുൻപ് ചിത്രകലയെ പ്രണയിക്കാനും പ്രണയ താൽപ്പര്യം മുൻനിർത്തി ജലച്ചായത്തിൽ സ്വയം പരിശീലിക്കാനും തുടങ്ങിയെങ്കിലും അച്ഛന്റെയും അമ്മയുടെയും വാശി മൂലം വാട്ടർ കളറിലുള്ള സ്വയം പരിശീലനം അവസാനിപ്പിച്ച് ആയുർബ്രാൻഡ് കോസ്മെറ്റിക്സ് റീജണൽ മാനേജർ പദവിയിലേയ്ക്ക് പോകേണ്ടി വന്നു. റീജണൽ മാനേജരുടെ പദവിയുടെ തിരക്കിൽപ്പെട്ട് സ്വയം പഠിച്ച ചിത്രകലയും കൈവിട്ടു പോകുന്ന അവസ്ഥയിലെത്തി.



ശബരി ഗിരീഷ്







എന്നാൽ ശബരി ഗിരീഷിന്റെ മനസ്സു മാറിയില്ല. ജോലിത്തിരക്ക് ഒഴിയുന്ന ഞായറാഴ്ചകളിൽ ഹൃദയത്തോട് ചേർത്തുവെച്ച ചിത്രകലയെ സ്നേഹിക്കാനും അറിയാവുന്ന രീതിയിൽ വീണ്ടും വരച്ചു പഠിക്കുവാനും സാമൂഹ മാധ്യമങ്ങളിൽ ഉള്ള ഗാലറികളിൽ ചിത്രപ്രദർശനം ചെയ്യുവാനും സാധിച്ചു. അദ്ദേഹത്തിന്റെ സ്വയം പരിശീലനത്തിലൂടെ വാട്ടർ കളറിൽ അതിമനോഹരമായി ചിത്രങ്ങൾ വരയ്ക്കാൻ പഠിച്ചു. അദ്ദേഹം വരച്ച പടം നേരിട്ടു കണ്ടാലെ അതിന്റെ സൗന്ദര്യം മനസ്സിൽ എത്തുകയുള്ളു. ആപ്പിളിന്റെ മനോഹരമായ ചിത്രം കാണേണ്ടതുതന്നെയാണ്.

ശബരി ഗിരീഷ് വരച്ച ആപ്പിളിന്റെ പടത്തിന്റെ സൗന്ദര്യവും ഭംഗിയും മറ്റാരെങ്കിലും ഓയിൽ കളറിൽ ചെയ്താൽ പോലും വാട്ടർ കളറിൽ ശബരി ഗിരീഷ് വരച്ച ആപ്പിളിന്റെ സൗന്ദര്യം കിട്ടില്ല. ആപ്പിളിന്റെ ഫോട്ടോ എടുത്തതാണെന്നേ ആ പടം കണ്ടാൽ തോന്നുകയുള്ളു. വാട്ടർ കളർ ചെയ്യാനുള്ള കഴിവ് എങ്ങും പോയി പഠിക്കാതെ സ്വയം നേടിയതാണ്. വാട്ടർ കളറിൽ വെള്ള നിറം ഉപയോഗിക്കാറില്ല. വെള്ള വേണ്ടിടത്ത് പേപ്പറിന്റെ വെള്ളതന്നെയാണ് ഉപയോഗിക്കുന്നത്. കറുപ്പ് വേണ്ടിടത്തും കളറുകൾ മിക്സ് ചെയ്ത് കറുത്ത നിറം ഉണ്ടാക്കിയെടുക്കുകയാണ്. ഓയിൽ കളർ ചെയ്യുന്നവർക്ക് വെള്ള കളറും കറുത്ത കളറും എല്ലാം ഉപയോഗിക്കാം. ചിത്രം വാട്ടർ കളറിൽ ചെയ്യുന്നതാണ് ഏറ്റവും പ്രയാസവും. ഗ്ലാസ് ടേബിളിന് പുറത്തിരിക്കുന്ന ആപ്പിളിന്റെ പ്രതിബിംബം അതിമനോഹരമായി ശബരി ഗിരീഷ് വരച്ചിട്ടുണ്ട്. ആപ്പിളിന്റെ പുറത്ത് പറ്റിപ്പിടിച്ചിരിക്കുന്ന വെള്ളത്തിന്റെ തുള്ളികൾ (മഞ്ഞു തുള്ളികൾ) വാട്ടർ കളർ കൊണ്ട് വളരെ മനോഹരമായി വരച്ചിട്ടുണ്ട്.

പൊട്ടിച്ചു വെച്ചിരിക്കുന്ന മാതള നാരങ്ങയുടെ ചിത്രം വാട്ടർ കളറിൽ വരച്ചിട്ടുണ്ട്. മാതള നാരങ്ങയും അതിനുള്ളിലെ ചുവപ്പുനിറത്തിലുള്ള അല്ലിയും കാണുമ്പോൾ ആരുടെ വായിലും കൊതി കൊണ്ട് വെള്ളമൂറും. ആരും ഇഷ്ടപ്പെടുന്ന തണ്ണിമത്തന്റെ ചിത്രവും അതി മനോഹരമായി വരച്ചിട്ടുണ്ട്. ഒരു തണ്ണിമത്തനും അതിനടുത്ത് തണ്ണിമത്തൻ മുറിച്ചിട്ടിരിക്കുന്നതും മനോഹരമായി ആരെയും ആകർഷിക്കുന്ന വിധം വരച്ചിട്ടുണ്ട്.

വാട്ടർ കളർ കൊണ്ട് ധാരാളം പെയിന്റിംഗുകൾ അദ്ദേഹം ചെയ്തിട്ടുണ്ട്. ക്ഷേത്രങ്ങളും ക്ഷേത്രങ്ങളുടെ അടുത്തു നിൽക്കുന്ന വൃക്ഷങ്ങളും അടുത്തുള്ള കടകളും എല്ലാം മനോഹരമായി ചിത്രീകരിച്ചിട്ടുണ്ട്. മനോഹരമായ പ്രകൃതിയുടെ പശ്ചാത്തലത്തിൽ ലോഡുകൾ കയറ്റിക്കൊണ്ടു പോകുന്ന കാളവണ്ടികൾ പ്രകൃതിയും കാളവണ്ടികളും ലയിച്ചു ചേരും വിധം ചിത്രീകരിച്ചിരിക്കുന്നു. സൈക്കിളിൽ കയറ്റിക്കൊണ്ടു വരുന്ന ലോഡ് സൈക്കിളിൽ നിന്ന് ഇറക്കുന്ന മനോഹരമായ ചിത്രവും വാട്ടർ കളറിൽ വരച്ചിട്ടുണ്ട്.'

കുട്ടയ്ക്കുള്ളിൽ ഇരിയ്ക്കുന്ന മുട്ടകളും മഞ്ഞേറ്റു നിൽക്കുന്ന പൂക്കളും പറിച്ചെടുത്ത് കുട്ടയിൽ അടുക്കി വെച്ചിരിക്കുന്ന ചോളവും മഴ നനഞ്ഞു കൊണ്ട് കുടയും നിവർത്തിപ്പിടിച്ച് ആനയുടെ പുറത്തിരുന്നുള്ള യാത്രയും മുറിച്ചിട്ടിരിക്കുന്ന മത്തങ്ങയും പൂവൻകോഴിയും. വാഴ കുലച്ചു നിൽക്കുന്നതും തുടങ്ങി വാട്ടർ കളർ കൊണ്ട് വരയ്ക്കാൻ പ്രയാസമുള്ള ചിത്രങ്ങൾ ഒക്കെ അതിമനോഹരമായി ശബരിഗിരീഷ് ചെയ്തിട്ടുണ്ട്. നാട്ടിൻപുറത്തു കൂടിയുള്ള നാട്ടുകാരുടെ നടപ്പും, മഴ നനഞ്ഞു കൊണ്ടുള്ള വാഹനങ്ങളുടെ യാത്രയും കന്നിൻ കൂട്ടം റോഡിലൂടെ മഴ നനഞ്ഞു വരുന്നതുമെല്ലാം ശബരി ഗിരീഷിന്റെ ചിത്രരചനയിലുണ്ട്. എന്തിന് ഏറെ പറയുന്നു നമ്മൾ നിത്യവും കാണുന്ന കറുത്ത കാക്കയെപ്പോലും വളരെ മനോഹരമായി വാട്ടർ കളറിൽ ചെയ്തിട്ടുണ്ട്.

ശാന്തിയാണ് ശബരി ഗിരീഷിന്റെ ഭാര്യ അവർക്ക് മൂന്നു കുട്ടികൾ. രണ്ടു പെൺമക്കളും ഒരു ആണും മുതിർന്നവർ ശ്രീദേവിയും ശ്രീലക്ഷ്മിയും ഇളയ ആൾ ശ്രീഹരി. ●



**എൽ.രാജശേഖരൻ മുതുകുളം**

**Homage**



## ഇടവ ബഷീർ

മലയാള ചലച്ചിത്ര പിന്നണി ഗായകനും ഗാനമേളകളുടെ സംഘാടകനുമായിരുന്നു ഇടവ ബഷീർ. അക്കോർഡിയൻ തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഗാനമേളകളിൽ ആദ്യമായി അവതരിപ്പിച്ചത് അദ്ദേഹമായിരുന്നു. യേശുദാസിന്റെയും മുഹമ്മദ് റാഫിയുടെയും പാട്ടുകളിലൂടെ ആരാധകരെ ഇളക്കി മറിച്ച ബഷീർ, ഗാനമേളകളിലെ സൂപ്പർസ്റ്റാറായിരുന്നു.

കൊല്ലം അസീസിയുടെ നാടകങ്ങളിലൂടെ പിന്നണി ഗാന രംഗത്തെത്തി. കുമരകം രാജപ്പനായിരുന്നു സംഗീതം. 1978ൽ അടൂർ ഭാസി സംവിധാനം ചെയ്ത 'രഘുവംശം' എന്ന സിനിമയിൽ എ.ടി. ഉമ്മറിന്റെ സംഗീതസംവിധാനത്തിൽ മദ്രാസിൽ എവിഎം സ്റ്റുഡിയോയിൽ വച്ച് എസ്. ജാനകിയോടൊത്ത് പാടിക്കൊണ്ടായിരുന്നു സിനിമാ പ്രവേശം. എസ്.ജാനകിക്കൊപ്പം പാടിയ 'വീണവായിക്കുമെൻ വിരൽത്തുമ്പിലെ..' എന്ന് തുടുങ്ങുന്ന ഗാനമാണ് ബഷീറിന്റെ ആദ്യ ചലച്ചിത്ര ഗാനം. കെ.ജെ. ജോയിയുടെ സംഗീത സംവിധാനത്തിൽ വാണി ജയറാമുമൊത്ത് പാടിയ 'ആഴിത്തിരമാലകൾ അഴകിന്റെ മാലകൾ..' എന്ന ഗാനം അക്കാലത്തെ ഹിറ്റായിരുന്നു. 2022 മേയ് 28ന്  78–ാം വയസ്സിൽ അന്തരിച്ചു.



## കെ.കെ. (കൃഷ്ണകുമാർ കുന്നത്ത്)

പരസ്യ ജിംഗിൾസ് പാടിക്കൊണ്ട് തന്റെ കരിയർ ആരംഭിച്ച കെകെ, എ.ആർ. റഹ്മാൻ സൗണ്ട് ട്രാക്കിൽ 1999–ൽ അദ്ദേഹം തന്റെ ആദ്യ ആൽബം പാൽ എന്ന പേരിൽ പുറത്തിറക്കി. ഹം ദിൽ ദേ ചുകേ സനം (1999) എന്ന ചിത്രത്തിലെ 'തഡപ് തഡപ് കേ ഈസ് ദിൽ സേ', 'അപാഡി പോഡു' എന്ന തമിഴ് ഗാനം, ദേവദാസിലെ 'ദോലാ രേ ഡോല' (2002), വോ ലം ഹെയിലെ 'ക്യാ മുജെ പ്യാർ ഹേ' എന്നിവ അദ്ദേഹത്തിന്റെ ജനപ്രിയ ഗാനങ്ങളിൽ ഉൾപ്പെടുന്നു. ഓം ശാന്തി ഓം, 'ആൻഖോൻ മേ തേരി', ബച്ച്ന ഏ ഹസീനോയിലെ 'ഖുദാ ജെയ്ൻ', ആഷിഖി 2, 'മത് ആസ്മാ രേ'എന്നതിൽ നിന്നുള്ള 'പിയ ആയേ നാ', ഹാപ്പി ന്യൂ ഇയർ എന്ന ചിത്രത്തിലെ 'ഇന്ത്യ വേൽ', ബജ്രംഗി ഭായ്ജാൻ എന്ന ചിത്രത്തിലെ 'തു ജോ മില' തുടങ്ങിയവ എടുത്തുപറയാവുന്ന ഗാനങ്ങളാണ്. അദ്ദേഹത്തിന് ആറ് ഫിലിംഫെയർ അവാർഡുകളും ഒരു ഫിലിംഫെയർ അവാർഡ് സൗത്തും ലഭിച്ചു.

കരിയർ ആരംഭിച്ച് നാല് വർഷത്തിനുള്ളിൽ 11 ഭാഷകളിലായി 3,500–ലധികം ജിംഗിളുകൾ അദ്ദേഹം പാടി. എ ആർ റഹ്മാന്റെ ഹിറ്റ് ഗാനമായ 'കല്ലൂരി സാലേ', 'ഹലോ ഡോ' എന്നിവയിലൂടെയാണ് കെകെയെ പിന്നണി ഗായകനായി പരിചയപ്പെടുത്തിയത്. കദിറിന്റെ കാതൽ ദേശത്തിൽ നിന്നും പിന്നീട് എവിഎം പ്രൊഡക്ഷൻസിന്റെ മ്യൂസിക്കൽ ഫിലിം മിൻസാര കനവിൽ (1997) നിന്നുള്ള 'സ്ട്രോബെറി കണ്ണേ'. പ ഹം ദിൽ ദേ ചുകേ സനം (1999) എന്ന ചിത്രത്തിലെ 'തഡപ് തഡപ് കേ ഈസ് ദിൽ സേ' എന്ന ഗാനത്തിൽ നിന്നാണ് അദ്ദേഹത്തിന്റെ ബോളിവുഡ് അരങ്ങേറ്റം. 'തടപ് തഡപ് കേ ഈസ് ദിൽ സേ'എന്ന ഗാനം കരിയറിലെ വഴിത്തിരിവായി. ജസ്റ്റ് മൊഹബത്ത്, ഷക്ക ലക ബൂം ബൂം, കുച്ച് ജുകി സിപാൽകീൻ, ഹിപ് ഹിപ് ഹുറേ, കാവ്യാഞ്ജലി, ജസ്റ്റ് ഡാൻസ് തുടങ്ങിയ നിരവധി ടെലിവിഷൻ സീരിയൽ ഗാനങ്ങളും കെകെ ആലപിച്ചിട്ടുണ്ട്. ടെലിവിഷനിലും കെ.കെ. ഒരു ടാലന്റ് ഹണ്ട് ഷോ ജൂറി അംഗമായി. 2022 മെയ് 31 ന് 53–ാം വയസ്സിൽ അന്തരിച്ചു.

## അന്തർദേശീയ യോഗാ ദിനം

ഒരു വ്യക്തിയുടെ ആന്തരിക ശക്തിയെ സമതുലിതമായ രീതിയിൽ വികസിപ്പിക്കാനോ മെച്ചപ്പെടുത്താനോ ഉള്ള പരിശീലനമാണ് യോഗ. പൂർണ്ണമായ ആത്മ സാക്ഷാൽക്കാരത്തിനുള്ള പാതയാണിത്. 'യോഗ' എന്ന സംസ്കൃത വാക്കിന് ചേർച്ച എന്നാണർത്ഥം. അതിനാൽ ജീവാത്മാവും പരമാത്മാവും തമ്മിലുള്ള ചേർച്ച എന്ന് യോഗയെ നിർവചിക്കാം. മനസ്സിന്റെ ചാഞ്ചല്യങ്ങളെ നിയന്ത്രിക്കലാണ് യോഗ. യോഗ എന്ന പദത്തിന്റെ അർഥം പലരും പലതരത്തിലാണെടുക്കുന്നത്. അത് ആസനങ്ങളാണെന്നും ആത്മീയ പാതയാണ് എന്നും ചിലർ വിശ്വസിക്കുന്നു. മറ്റുചിലരാകട്ടെ, അതുകൊണ്ട് ആരോഗ്യത്തിനുണ്ടാകുന്ന ഗുണങ്ങളെക്കുറിച്ചു പറയുന്നു. യോഗ വെറും ശാരീരിക വ്യായാമങ്ങളോ ആസനങ്ങളോ മാത്രമല്ല. അതു ശരീരം, മനസ്സ്, ആത്മാവ്, പ്രപഞ്ചം എന്നിവയെ സംയോജിപ്പിക്കുകയാണു ചെയ്യുന്നത്. യോഗ ഒരു വ്യക്തിയുടെ പെരുമാറ്റത്തിലും ചിന്താരീതിയിലും നിലപാടിലും വലിയ വ്യത്യാസമുണ്ടാക്കുന്നു. ഏറെക്കുറെ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണു യോഗ.

ജൂൺ 21 ആണ് അന്താരാഷ്ട്ര യോഗ ദിനം. ജൂൺ 21 അന്താരാഷ്ട്ര യോഗ ദിനമായി 2014 ഡിസംബർ 11 ന് ഐക്യരാഷ്ട്രസഭയുടെ സമ്മേളന പ്രകാരം പ്രഖ്യാപിച്ചു.



ഇഫെക്ടീവ് ആഡ്കോം EFFECTIVE

# ADCOM

മലയാളത്തിലെ ആദ്യത്തെ അഡ്വർടൈസിംഗ് & മാർക്കറ്റിംഗ് മാസിക

Share your photograph on instagram with tag #letssmileadcom & #effectiveadcommagazine Photographs of selected models will be published in modeling page of Effective Adcom.

You can also mail your photographs and contact details to us:

effectiveadcom@gmail.com

Ph: 08593 998705

effectiveadcom effective-adcom

#letssmileadcom














# സജ്ജീവ് ബാലകൃഷ്ണൻ

## സ്വയം മോഡലാകുന്ന കാരിക്കേച്ചർ ഗുരു

അവനവനെ നോക്കി ചിരിക്കാനുള്ള മനോഭാവം കുട്ടികൾക്ക് എത്തിക്കുക എന്നതാണ് സജ്ജീവിന്റെ ആത്യന്തിക ലക്ഷ്യം. കാരിക്കേച്ചർ വര പഠിപ്പിക്കുമ്പോൾ സ്വയം തന്നെ മോഡലായി കാണിക്കുന്നതാണ് അദ്ദേഹത്തിന് ഇഷ്ടം.

തടിയനായ ഒരു സുന്ദരൻ കാർട്ടൂണിസ്റ്റ് ... എന്നു കേട്ടാൽ കാർട്ടൂൺ ഇഷ്ടപ്പെടുന്നവർ പെട്ടെന്നു പറയും സജ്ജീവ് ബാലകൃഷ്ണൻ. ആ തടിച്ച വലിയ മനുഷ്യന്റെ ബുദ്ധിയും അതേപോലെ തടിച്ചതാണ്. നല്ല കാർട്ടൂണുകൾ ആ മനസ്സിൽ നിറഞ്ഞു നിൽപ്പുണ്ട്. ആരുടെ എങ്കിലും ഫോട്ടോ ഒരു പ്രാവശ്യം കണ്ടാൽ അവരുടെ കാർട്ടൂൺ അതിമനോഹരമായിവരയ്ക്കും. അദ്ദേഹത്തിന്റെ കാർട്ടൂണുകൾ ആരുടെയും മനസ്സിൽ നിന്നു മാറാതെ കരുത്തോടെ നിറഞ്ഞു നിൽക്കും.

ചാലക്കുടിക്കടുത്ത് പരിയാരം സ്വദേശിയാണ് സജ്ജീവ് ബാലകൃഷ്ണൻ. അച്ഛൻ ബാലകൃഷ്ണമേനോൻ. അമ്മ പൊന്നു. ഇപ്പോൾ സജ്ജീവ് ബാലകൃഷ്ണൻ താമസിക്കുന്നത് എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറയിൽ. അദ്ദേഹം കൊച്ചിയിൽ ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റിൽ ജോയിന്റ് കമ്മീഷണറാണ്.

അദ്ദേഹം എടുത്തു പറയുന്ന ഒരു വാചകമുണ്ട് 'ചിത്രരചനയിൽ എന്റെ ആദ്യ ഗുരു എന്റെ അമ്മയാണ്.' സജ്ജീവ് മൂന്നാം ക്ലാസിൽ പഠിക്കുമ്പോൾ സജ്ജീവിന്റെ നോട്ടുബുക്കിന്റെ പുറംചട്ടയിലുള്ള കുരുവിയുടെ പടം ട്രൈസിംഗ് പേപ്പർ വെച്ച് പകർത്തി അമ്മ സജ്ജീവിന് കൊടുക്കുമായിരുന്നു. അതു വെച്ച് വരച്ചാണ് വരയുടെ ലോകത്തേയ്ക്ക് സജ്ജീവ് കാലെടുത്തു വെയ്ക്കുന്നത്. ഡിഗ്രിക്കാരിയായ അമ്മ നന്നായി വായിക്കുമായിരുന്നു. അമ്മയുടെ കാറ്റേറ്റ് വളർന്ന സജ്ജീവ് ബാലകൃഷ്ണൻ വലിയൊരു കാർട്ടൂണിസ്റ്റായി മാറി. 2017-ൽ 91 -ാം വയസ്സിൽ അമ്മ ഈ ലോകവാസം അവസാനിപ്പിച്ചു. സജ്ജീവ് ബാലകൃഷ്ണന്റെ അമ്മ അദ്ദേഹത്തിന്റെ എല്ലാം ആയിരുന്നു. അമ്മയായിരുന്നു സജ്ജീവിന്റെ ഏറ്റവും വലിയ കാർട്ടൂൺ ഫാൻ. അങ്ങനെയൊരാൾ ഇനി വരില്ല. സജ്ജീവിന്റെ ഏറ്റവും വലിയ ആരാധനയും അമ്മയോടു തന്നെ.

ആറാം ക്ലാസ്സിൽ പഠിക്കുന്ന കാലത്ത് വീട്ടിലെ തേക്കാത്ത നീളൻ ചുവരുകളിൽ അടുക്കളക്കരികൊണ്ടു വരച്ച ഗാന്ധിജി, തച്ചോളി ഒതേനൻ, എയർ ഇന്ത്യ മഹാരാജ, സുമോ ഗുസ്തിക്കാരൻ, തിലകൻ, ഝാൻസി റാണി തുടങ്ങിയ സ്വാതന്ത്ര്യ സമര സേനാനികളുടെ ചിത്രങ്ങളായിരുന്നു. ഇവരെല്ലാം വർഷങ്ങളോളം എന്റെ ഭിത്തിയിൽ പതിഞ്ഞു കിടന്നു.

1976-ൽ അച്ഛനാണ് എന്റെ ജീവിതം വഴിതിരിച്ചുവിട്ടത്.



സഞ്ജീവ് ബാലകൃഷ്ണൻ









മദിരാശിയിലെ അന്ന് പ്രശസ്തമായിരുന്ന ശന്തനൂസ് ചിത്ര വിദ്യാലയത്തിൽ ആറു മാസത്തെ തപാൽ വഴിയുള്ള കാർട്ടൂൺ കോഴ്സിന് ചേർത്തു. അത്യ സാധാരണമായ അർപ്പണ മനോഭാവത്തിന് ഉടമ എന്ന് സഞ്ജീവ് തിരിച്ചറിഞ്ഞ പരേതനായ വിജയ സാരഥി യായിരുന്നു സഞ്ജീവിന്റെ പിന്നീടുള്ള ഗുരു. ആറുമാ സം മുൻപ് ചെന്നൈയിൽ ജോലിയിൽ ഇരുന്നപ്പോൾ ശന്തനൂസ് ചിത്ര വിദ്യാലയം കഷ്ടപ്പെട്ട് കണ്ടു പിടിച്ചു. ചിത്രവിദ്യാലയം കണ്ടു പിടിച്ചെങ്കിലും നമ്മെ വിട്ടു പോയ വിജയ സാരഥി സാറിനെ ഇന്നോളം കാണാൻ സാധിക്കാതെ പോയല്ലോ എന്ന ദു:ഖം നിലനിൽ ക്കുന്നു.

ശന്തനൂസ് പഠനം കഴിഞ്ഞ് 1978-83 കാലഘട്ടത്തിൽ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ പഠിക്കുമ്പോൾ കാലക്കറ്റ് യൂണിവേഴ്സിറ്റി യുവജനോത്സവത്തിന് കാർട്ടൂൺ മത്സരത്തിൽ രണ്ടുവർഷം രണ്ടാം സ്ഥാനം നേടി. 1995ൽ ലോ അക്കാഡമിയിൽ പഠിക്കുമ്പോൾ കേ രള യൂണിവേഴ്സിറ്റി യുവജനോത്സവത്തിന് കാർട്ടൂൺ മത്സരത്തിൽ ഒന്നാം സ്ഥാനം നേടി. 1988ൽ മികച്ച യു വകാർട്ടൂണിസ്റ്റിനുള്ള ജോൺ ഏബ്രഹാം അവാർഡും 2010ൽ 12 മണിക്കൂറിൽ 651 കാർട്ടൂണുകൾ വരച്ചതിന് ബുക്ക് റെക്കോർഡും സഞ്ജീവൻ നേടി.


''എൺപതുകളുടെ തുടക്കത്തിൽ വളർന്നു വരുന്ന കാർട്ടൂണിസ്റ്റുകളുടെ അന്നത്തെ ആചാരമായ 'മ' വാരിക കൾക്ക് കാർട്ടൂൺ അയയ്ക്കുന്നതിൽ ഞാനും ഒട്ടും പിറ കോട്ട് മാറിയില്ല. കൈ മെയ് മറന്ന് ഞാനും അതിൽ ഏർപ്പെട്ടു. ഞാനയച്ചതിൽ 90 ശതമാനവും പത്രാധിപന്മാർ കാരുണ്യമില്ലാതെ തിരിച്ചയച്ചു.''

ഏഴാം ക്ലാസിൽ പഠിക്കുമ്പോൾ സഞ്ജീവിന്റെ ആദ്യത്തെ കാർട്ടൂൺ 1976- ൽകോട്ടയത്തുനിന്നും പ്രസിദ്ധീകരിക്കുന്ന കുട്ടികളുടെ ദീപികയിൽ പ്രസി ദ്ധീകരിച്ചു. പത്രത്തിലെ ആദ്യത്തെ കാർട്ടൂൺ 1982-ൽ ആയിരുന്നു. ഇൻഡ്യൻ എക്സ്പ്രസ് കൊച്ചിൻ എഡിഷനാണ് അതിനു തയ്യാറായത്.

1988-ൽ തിരുവനന്തപുരത്തെ ആദായ നികുതി വകുപ്പിൽ ഇൻസ്പെക്ടറായി സഞ്ജീവ് ബാലകൃ ഷ്ണൻ ജോലിയിൽ കയറിയ ശേഷം പൊളിറ്റി ക്കൽ കാർട്ടൂൺ വരയ്ക്കുന്നത് നിർത്തി. പകരം കാരിക്കേച്ചറിങ്ങിലേക്ക് തിരിഞ്ഞു. ഡൽഹിയിലെ സെൻട്രൽ ബോർഡ് ഓഫ് ഡയറക്ടറേറ്റ് എന്റെ സ്കിൽ തിരിച്ചറിഞ്ഞ് വർഷങ്ങളായി ഇന്ത്യയിൽ അങ്ങോളമിങ്ങോളമുള്ള പ്രധാന നഗരങ്ങളിൽ സം ഘടിപ്പിക്കുന്ന മൂന്നു ദിവസം മുതൽ 14 ദിവസം വരെ നീളുന്ന ദേശീയ/അന്തർദേശീയ ട്രേഡ് ഫെയറുകളിലെ ടാക്സ് പെയേഴ്സ് ലോഞ്ചുക ളിൽ സന്ദർശകരെ ആനന്ദിപ്പിക്കാനായി പതിനാ റായിരത്തോളം കാരിക്കേച്ചറുകൾ വരച്ചു. ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റ് ഓഫ് ഇന്ത്യ ദേശീയ പരി ശീലന സ്ഥാപനമായ നാഗപ്പൂരിലുള്ള നാഷണൽ അക്കാഡമി ഓഫ് ഡയറക്ട് ടാക്സ്. (National Academy of Direct Txes) പുതിയ ഐ ആർ എസ് പ്രൊബേഷനറി ഓഫീസർമാർക്കായി എല്ലാ വർ ഷവും മൂന്നു ദിവസത്തെ കാർട്ടൂൺ ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നു.

സുന്ദരന്മാരായ കാശ്മീരികളും ബോൾഡ് & ബലിഷ്ഠർ ആയ പഞ്ചാബികളും പരുക്കൻ മുഖവും നീളൻ ശരീരവുമുള്ള ജാട്ടു കർഷകരും സൗമ്യരും പതിഞ്ഞ, വിശാലമായ വടക്കുകിഴക്കൻ മേഖലയിലെ ആൾക്കാരും വലിയ തമാശയൊന്നും ആസ്വദിക്കാത്ത ദില്ലിക്കാരും പിന്നെ ഗോപുരം പോലെ മുന്നിൽ വന്നു നിൽക്കുന്ന വിദേശികളും എല്ലാം സഞ്ജീവിന് മനുഷ്യരേയും അവരുടെ മുഖങ്ങളേയും പഠിക്കാനുള്ള അവസരം ധാരാളം കിട്ടി. കൽക്കത്തയിലും ലക്നോവിലും ഭുവനേ ശ്വറിലും മൈസൂറിലും നാഗ്പൂരിലും ബാംഗ്ലൂരിലും ചെന്നൈയിലും ഗോവയിലും ഒക്കെ ഡിപ്പാർട്ടു മെന്റിനു വേണ്ടി കറങ്ങി. തിരിഞ്ഞു നോക്കുമ്പോൾ സഞ്ജീവ് എന്നും വരയ്ക്കാൻ ആഗ്രഹിച്ചിരുന്നത് രാഷ്ട്രീയ കാർട്ടൂൺ ആയിരുന്നു. ചെന്നുപെട്ടത് കാരിക്കേച്ചറിങ്ങിലും.കാരിക്കേച്ചറിങ്ങിൽ ചിന്തയ്ക്കും ബുദ്ധിയ്ക്കും വലിയ സ്ഥാനമുണ്ടെ ന്നും സഞ്ജീവ് മനസ്സിലാക്കി. കാരിക്കേച്ചറിങ്ങിൽ നിരീക്ഷിച്ചത് പർവ്വതീകരിച്ച് കടലാസ്സിൽ പകർത്തലാണ് കാര്യം. ആളുകളെ നേരിട്ട് കണ്ട് വരയ്ക്കലാണ് സഞ്ജീവിന് ത്രിൽ. വരയ്ക്കുന്ന രണ്ട് മിനിട്ടിനുള്ളിൽ ഒരു പുഞ്ചിരി യോടെ രണ്ടു പയ്യാരം പറഞ്ഞ് അയാളെ സഞ്ജീവ് ചങ്ങാതി ആക്കിയിരിക്കും.

ശരാശരി രണ്ടു മിനിട്ടിൽ താഴെയാണ് ഒരു ബ്ലാക്ക് & വൈറ്റ് കാരിക്കേച്ചർ വരയ്ക്കാൻ സഞ്ജീവ് എടുക്കുന്ന സമയം. പെർഫെക്ഷനേക്കാൾ കൂടുതൽ വേഗതയാണ് അവിടെ കൗതുകം. സഞ്ജീ വിന് പ്രിയങ്കരം അപരിചിതരെ വരയ്ക്കുക എന്നതാണ്. വരച്ചു കഴിഞ്ഞാൽ ചിത്രത്തെയും പോസ് ചെയ്ത ആളെയും മറക്കാൻ ശ്രമിക്കുകയും



സജ്ജീവ് അതിൽ വിജയിക്കുകയും ചെയ്യും. 'കാരിക്കേച്ചർ ഒരാൾക്ക് ജീവിതത്തിൽ അപൂർവ്വമായി കിട്ടുന്ന സമ്മാനമാണ്. ഒരു കാരിക്കേച്ചർ വരച്ച് ഒരാൾക്ക് സമ്മാനിക്കുമ്പോൾ ഒരു മുഖം പ്രകാശിക്കുന്നത് നമ്മുക്ക് നേരിട്ടു കാണാം. അയാളുടെ വീട്ടിലെ പ്രിയങ്കരരും ചങ്ങാതിമാരും ഇത് കണ്ട് പൊട്ടിച്ചിരിക്കുന്നതും അയാൾ സ്വന്തം വീട്ടിൽ ആ ദിവസത്തേക്കെങ്കിലും ഒരു ഹീറോ ആകുന്നതും നമുക്ക് മനസ്സിൽ കാണാം. ഒരു കാരിക്കേച്ചർ ഒരു കൈ വിളക്കാണ്.'

സജ്ജീവ് വരച്ച കുടുംബ സമേതമുള്ള കാർട്ടൂണുകളും കാരിക്കേച്ചറുകളും ധാരാളം കാണാം. കാർട്ടൂണുകളിൽ അമ്മയും ഭാര്യയും മകനുമെല്ലാമുണ്ട്. ഭാഷാപോഷിണി 100-ാം വയസ്സിലെത്തിയപ്പോൾ കാർട്ടൂണിസ്റ്റുകളുടെ എല്ലാം ചിത്രം കവർ പേജിൽ വരച്ചിരുന്നു. കാർട്ടൂണുകളും കാരികേച്ചറുകളും ആസ്വദിക്കുക.

സജ്ജീവ് ബാലഷ്ണന്റെ ഭാര്യയുടെ പേര് ലേഖ ആർ നായർ (മലയാളത്തിലെയും തമിഴിലെയും പിന്നണി ഗായികയാണ്) മകൻ സിദ്ധാർത്ഥ് പാട്ടിലും കീബോർഡിലും മികവ് കാണിക്കുന്നു.

സജ്ജീവ് ബാലകൃഷ്ണൻ ഇപ്പോൾ കേരള കാർട്ടൂൺ അക്കാദമി വൈസ് ചെയർമാൻ ആണ്. അവനവനെ നോക്കി ചിരിക്കാനുള്ള മനോഭാവം കുട്ടികൾക്ക് എത്തിക്കുക എന്നതാണ് സജ്ജീവിന്റെ ആത്യന്തിക ലക്ഷ്യം. കാരിക്കേച്ചർ വര പഠിപ്പിക്കുമ്പോൾ സജ്ജീവിനെ തന്നെ മോഡലായി കാണിക്കുന്നതാണ് അദ്ദേഹത്തിന് ഇഷ്ടം. കുറിയവനും മഹാ തടിയനും ഉണ്ടക്കണ്ണനും കറുകിയ കഴുത്തുമുള്ള തന്നേക്കാൾ മികച്ച ഒരു കാരിക്കേച്ചർ സബ്ജജറ്റിനെ നോക്കി പഠിക്കാൻ കുട്ടികൾക്ക് കഴിയില്ല എന്നാണ് അദ്ദേഹം പറയുന്നത്. വലിയ ശരീരത്തിലെ വലിയ മനസ്സുള്ള ആൾ. സ്വയം തന്നെ അളക്കുന്നതും നിയന്ത്രിക്കുന്നതുമായ വലിയ കാർട്ടൂണിസ്റ്റ് . ●




**എൽ.രാജശേഖരൻ മുതുകുളം**

## Understanding Exposure

by Bryan Peterson

**പുസ്തക പരിചയം**




This newly revised edition of Bryan Peterson's most popular book demystifies the complex concepts of exposure in photography, allowing readers to capture the images they want. Understanding Exposure has taught generations of photographers how to shoot the images they want by demystifying the complex concepts of exposure in photography. In this newly updated edition, veteran photographer Bryan Peterson explains the fundamentals of light, aperture, and shutter speed and how they interact with and influence one another. With an emphasis on finding the right exposure even in tricky situations, Understanding Exposure shows you how to get (or lose) sharpness and contrast in images, freeze action, and take the best meter readings, while also exploring filters, flash, and light. With all new images, as well as an expanded section on flash, tips for using colored gels, and advice on shooting star trails, this revised edition will clarify exposure for photographers of all levels. Amazon kindle edition Rs.475.69

# 'ഇര ' സ്ത്രീലിംഗമല്ല

'ഇര' എന്ന് കേൾക്കുമ്പോൾ തന്നെ ഒരു പെണ്ണിന്റെ ചിത്രമാണ് ആദ്യം മനസ്സിലെത്തുക. പക്ഷേ, എത്രയോ ആണുങ്ങൾ തനി 'ഇര 'കളായി തീരുന്നുണ്ട്?. മറ്റൊരു വ്യത്യസ്ത ചെറു ചിത്രവുമായി കർട്ടൻ റയ്സർ എത്തുന്നു. 'ഇര ' സ്ത്രീലിംഗമല്ല എന്ന അരമണിക്കൂർ ചിത്രം രചിച്ചു സംവിധാനം ചെയ്തത് ഹ്രസ്വ സിനിമകളിൽ ഒട്ടനവധി പുരസ്കാരങ്ങൾ നേടിയ സതീഷ് പി. കുറുപ്പ് ആണ്.

വാർധക്യത്തിന്റെ ഏകാന്തതയ്ക്കും വീർപ്പുമുട്ടലുകൾക്കുമിടയിൽ, ചില പീഡനകഥകളുടെ സത്യാവസ്ഥകളിലേക്കും വെളിച്ചം വീശുന്ന സമകാലിക പ്രസക്തിയുള്ള ഇതിവൃത്തം കർട്ടൻ റയ്സിറിൽ അഭിനയ പരിശീലനം നേടിയ അഭിനേതാക്കളിലൂടെ അവതരിപ്പിച്ചിരിക്കയാണ് സതീഷ്. ഈ ചിത്രത്തിന്റെ നിർമാതാവു കൂടിയായ കെ.എസ്. നായർ ഉണ്ണിമേനോൻ എന്ന കേന്ദ്ര കഥാപാത്രത്തെ അവതരിപ്പിക്കുന്നു. ബിജുരാജ്, ഗീതാ നായർ, കുമാരി അനാമിയ അഞ്ചൽ, ഡോ.അനിതാ ഹരി, പ്രവീൺ, അനന്തകുമാർ എന്നിവരാണ് മറ്റു അഭിനേതാക്കൾ.

ഛായാഗ്രഹണം: വിപിൻ ചന്ദ്രബോസ്. എഡിറ്റിംഗ്: നവിൻ ജോൺസൺ. സംഗീതം: രാജേഷ് വി.ബി. സഹസംവിധാനം : മനു വാമദേവൻ. സംവിധാന സഹായി: ബി. എ.സുരേഷ് ബാബു. പ്രൊഡക്ഷൻ മാനേജർ: ബാഗിയോ രാമചന്ദ്രൻ. സ്റ്റുഡിയോ: അമല ഡിജിറ്റൽ. പി ആർ ഒ : റഹിം പനവൂർ.



# രാഗമാലിക ആർട്ട്സ് വാർഷികവും പ്രതിഭകളെ ആദരിക്കലും





വട്ടിയൂർക്കാവ് രാഗമാലിക ആർട്ട്സിന്റെ നാല്പതാമത് വാർഷികാഘോഷവും വിവിധ മേഖലകളിലെ പ്രതിഭകളെ ആദരിക്കൽ ചടങ്ങും തൈക്കാട് സൂര്യാ ഗണേശത്തിൽ നടന്നു. നടനും ഗായകനുമായ ഡോ. വി.സതീഷ് കുമാർ, ഭാരത് ഭവൻ മെമ്പർ സെക്രട്ടറിയും ചലച്ചിത്ര, നാടക സംവിധായകനുമായ പ്രമോദ് പയ്യന്നൂർ, കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് പരീക്ഷയിൽ മൂന്നാം റാങ്ക് ജേതാവ് എൽ. പാർവതി ചന്ദ്രൻ, ക്ലാസിക്കൽ നർത്തകിയും അഭിനേത്രിയും മജീഷ്യയുമായ അഡ്വ. ശ്രീന ശ്രീകുമാർ, ഇന്ത്യൻ ബുക്ക് ഓഫ് റെക്കോർഡ്സ് ജേതാവ് രമേഷ്കുമാർ എന്നിവരെ ചടങ്ങിൽ ആദരിച്ചു.

ഗണേഷ് ജി. എസ്. വയലിൻ വാദനം നടത്തി. പ്രൊഫ. ജി. ശങ്കരപിള്ളയുടെ ധർമ്മ ക്ഷേത്രേ കുരുക്ഷേത്രേ എന്ന നാടകം തൊഴുവൻകോട് ജയന്റെ സംവിധാനത്തിൽ അരങ്ങേറി.



# Editorials of the month

മലയാള മനോരമ മെയ് 05, 2022

## നല്ല ഭക്ഷണം എന്ന അവകാശം

കാസർകോട് ഭക്ഷ്യവിഷബാധയേറ്റു പ്ലസ് വൺ വിദ്യാർഥിനി മരിച്ചതു ഷിഗെല്ല ബാക്ടീരിയ മൂലമാണെന്ന വിവരം കടുത്ത ആശങ്ക ഉയർത്തുന്നതാണ്. ഏതു ഭക്ഷ്യ വിഭവമാണെങ്കിലും അതു നിലവാരമുള്ളതാണെന്നും സുരക്ഷിതമാണെന്നും ഉറപ്പുവരുത്തേണ്ട ചുമതല ബന്ധപ്പെട്ടവർക്കുണ്ടെന്ന പാഠമാണ് ഈ സംഭവം മുന്നോട്ടു വയ്ക്കുന്നത്. പണം കൊടുത്തു നാം പുറത്തുനിന്നു വാങ്ങിക്കഴിക്കുന്ന ഭക്ഷണം നല്ലതല്ലെന്നു വരുമ്പോൾ അതിൽ വലിയൊരു വിശ്വാസവഞ്ചനയുടെ കയ്പാണു കലരുന്നത്. ഭക്ഷ്യവിഷബാധ സംഭവങ്ങൾ വർധിക്കുമ്പോൾ അതനുസരിച്ച് നമ്മുടെ ഭക്ഷ്യസുരക്ഷാ വകുപ്പ് കൂടുതൽ ജാഗരൂകമാവുകയും പരിശോധനകൾ വ്യാപകമാക്കുകയും ചെയ്യുന്നുണ്ടോ എന്ന ചോദ്യം ഇതോടൊപ്പം ഉയരുന്നു. ഇപ്പോഴുണ്ടായ ഭക്ഷ്യവിഷബാധയ്ക്കു ശേഷവും പരിശോധനകളും നടപടികളും ഉണ്ടാവുന്നുണ്ട്. അധികം വൈകാതെ ഇത്തരം പരിശോധനകൾ അവസാനിപ്പിച്ച് അധികൃതർ അടുത്ത സംഭവം വരെ നിർജീവമാകുന്നതാണു നാം പലപ്പോഴും കണ്ടുപോരുന്നത്. ഇത്തരത്തിലുള്ള താൽക്കാലിക നടപടികൾക്കു ഭക്ഷ്യനിലവാരം എത്രത്തോളം ഉറപ്പാക്കാൻ കഴിയുമെന്ന ആശങ്ക ഗൗരവമുള്ളതാണ്. ഫലപ്രദമായ പരിശോധനകൾ നടത്താൻ ജീവനക്കാരുടെ കുറവു പലപ്പോഴും തടസ്സമാകുന്നുണ്ടാകാം.

ഹോട്ടലുകളിലും മറ്റുമുള്ള പരിശോധനകൊണ്ടു മാത്രം ഭക്ഷ്യനിലവാരം ഉറപ്പാക്കാൻ കഴിയില്ല. അരി, പയർ, എണ്ണ തൊട്ടു പച്ചക്കറികൾ വരെയുള്ള ഭക്ഷണ സാധനങ്ങളും മായമില്ലാത്തതാകണം. മത്സ്യമാംസാദികളുടെ കാര്യത്തിൽ കൂടുതൽ ജാഗ്രത ആവശ്യമാണുതാനും. ഈ രംഗങ്ങളിൽ കൂടി അധികൃതർ ശ്രദ്ധ പതിപ്പിച്ചാൽ മാത്രമേ ഭക്ഷ്യവിഷബാധകൾ പൂർണ്ണമായി തടയാനാവൂ. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവരുടെ മേൽ കർശന നടപടിയെടുക്കാൻ സർക്കാർ മടിക്കരുത്. ഗുണനിലവാരമുള്ള ഭക്ഷണം ജനങ്ങളുടെ അവകാശമാണ് അതുറപ്പാക്കാൻ സർക്കാർ ബാധ്യസ്ഥവുമാണ്.

---

മാതൃഭൂമി മെയ് 05, 2022

## പിരിവാണ് പ്രശ്നം രീതിയല്ല

ഭരണസംവിധാനം പൂർണ്ണമായും ഡിജിറ്റൽ അധിഷ്ഠിതമാകുന്നതിന്റെ ഭാഗമായി നികുതികളുടെ പിരിവും ഓൺലൈനായി മാറിക്കൊണ്ടിരിക്കുകയാണ്. എല്ലാ വാഹനങ്ങളിലും ഫാസ്ടാഗ് നിർബന്ധമാക്കിയത് ടോൾ പിരിവിൽ ഗണ്യമായ വർധനയുണ്ടാക്കുകയും പിരിവ് സംവിധാനം മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. റോഡിനെയും ഫാസ്ടാഗിനെയും ബന്ധിപ്പിച്ച് സമ്പൂർണ്ണമായ ഡിജിറ്റൽ പിരിവ് ജി.പി.എസ്. സംവിധാനം വഴി നടപ്പാക്കുന്നതിനാണ് ഇപ്പോൾ തുടക്കം കുറിച്ചത്. ടോൾബൂത്തുകളോ ടോൾ ഗേറ്റുകളോ ആവശ്യമില്ലാത്ത, സമ്പൂർണ്ണമായും അദൃശ്യമായി ടോൾ തുക വാഹന ഉടമയുടെ അക്കൗണ്ടിൽനിന്ന് കിഴിച്ചെടുക്കുന്നെന്നതാണ് പുതിയ പരിഷ്കാരത്തിന്റെ സവിശേഷത. ഗ്ലോബൽ പൊസിഷനിങ് (ജി.പി.എസ്.) വെഹിക്കിൾ ട്രാക്കിങ് സംവിധാനത്തിന്റെ ഭാഗമായി ജിയോ ഫെൻസിങ് സംവിധാനംകൂടി ഒരുങ്ങുന്നതോടെ ഒരു വർഷത്തിനകം ഇന്ത്യയിലും ടോൾ പിരിവ് പൂർണമായി അദൃശ്യമായ ഡിജിറ്റൽ സംവിധാനത്തിലാകും.

റോഡും പാലവുമുണ്ടാക്കുന്നതിനും പരിപാലിക്കുന്നതിനുമാണ് ടോൾ എന്നാണ് പറയുന്നതെങ്കിലും റോഡിന്റെയും പാലത്തിന്റെയും മുടക്കുമുതൽ പിരിഞ്ഞശേഷവും വർഷങ്ങളോളം വാഹന ഉടമകളെയും യാത്രക്കരെയും ചൂഷണത്തിനിരയാക്കുന്ന പതിവും കാണാതിരുന്നുകൂടാ. വാഹനങ്ങൾ വാങ്ങുമ്പോൾത്തന്നെ 28 ശതമാനം ജി.എസ്.ടിക്ക് പുറമേ ചുരുങ്ങിയത് എട്ട് ശതമാനത്തോളം ഒറ്റത്തവണ റോഡുനികുതിയടയ്ക്കുന്നുണ്ട്. ദേശീയപാതയിൽ കയറിയിറങ്ങേണ്ടിവന്നാൽപ്പോലും ടോൾ ഈടാക്കുകയെന്ന നില വരുന്നത് ആശാസ്യമല്ല. ജിയോ ഫെൻസിങ് സംവിധാനം യാത്രക്കാരുടെ സ്വകാര്യതയിലേക്കുള്ള കൺനോട്ടമാകും എന്ന ആശങ്കയും പരിഹരിക്കേണ്ടതുണ്ട്. പിരിവിന്റെ രീതിയെക്കുറിച്ചല്ല ദേശീയപാതയിലെ ടോളിന്റെ നിരക്കും കാലപരിധിയും കുറയ്ക്കുന്നതിനുള്ള ആലോചനയാണ് ആദ്യം വേണ്ടത്. റോഡുണ്ടാക്കാനും സംരക്ഷിക്കാനുമെന്നപേരിൽ അടിച്ചേൽപ്പിക്കുന്ന ബഹുമുഖ നികുതിയെക്കുറിച്ചുള്ള പുന:പരിശോധനയും വേണം.

---

മലയാള മനോരമ മെയ് 06, 2022

## മാധ്യമ സ്വാതന്ത്ര്യത്തിന് മങ്ങലേൽക്കുമ്പോൾ

ലോകമാധ്യമസ്വാതന്ത്ര്യ സൂചികയിൽ ഇന്ത്യ കൂടുതൽ താഴേക്കു പതിച്ചത് ആപൽക്കരമായ ചോദ്യങ്ങളാണ് ഉയർത്തുന്നത്. പട്ടികയിൽ 142-ാം സ്ഥാനത്തായിരുന്ന ഇന്ത്യ ഇപ്പോൾ 150-ാം സ്ഥാനത്താണ്. ആകെ 180 രാജ്യങ്ങൾ ഉൾപ്പെട്ട പട്ടികയാണിത്. ജനാധിപത്യത്തിന്റെയും മാധ്യമ സ്വാതന്ത്ര്യത്തിന്റെയും പാരസ്പര്യത്തെ ആദരവോടെ കാത്തുസൂക്ഷിക്കുന്നുവെന്നു കരുതിപ്പോരുന്ന നമ്മുടെ രാജ്യത്തെ ആശങ്കപ്പെടുത്തുന്ന സൂചികയാണിത്. ജനാധിപത്യമൂല്യങ്ങൾക്ക് വിലകൽപ്പിക്കുന്ന ഇന്ത്യ പട്ടികയിൽ വീണ്ടും താഴേക്കു പതിച്ചതിലെ മുന്നറിയിപ്പ് കാണാതിരുന്നുകൂടാ. റിപ്പോർട്ടേഴ്സ് വിത്തൗട്ട് ബോർഡേഴ്സ് എന്ന ആഗോള മാധ്യമ നിരീക്ഷണ സംഘടനയാണു വാർഷിക റാങ്കിങ് തയാറാക്കുന്നത്.

നമ്മുടെ ഭരണഘടന ഉറപ്പുനൽകുന്ന അഭിപ്രായ സ്വാതന്ത്ര്യം എന്ന മൗലികാവകാശമാണ് ഇന്ത്യയിൽ മാധ്യമങ്ങളുടെ സ്വതന്ത്രവും സത്യസന്ധവുമായ സാമൂഹിക ദൗത്യത്തിനു രക്ഷാകവചമാകുന്നത്. ജനാധിപത്യത്തിന്റെ അടിസ്ഥാന ഘടകമാണു പത്രസ്വാത

ന്ത്ര്യമെങ്കിലും അങ്ങേയറ്റം പ്രതികൂല സാഹചര്യങ്ങളിലാണു പല രാജ്യങ്ങളിലും മാധ്യമപ്രവർത്തനം. വിയോജിപ്പിന്റെ സ്വരങ്ങളെ നിശ്ശബ്ദമാക്കാനും മാധ്യമ സ്വാതന്ത്ര്യത്തിനു കൂച്ചുവിലങ്ങിടാനുമുള്ള നീക്കങ്ങൾ ജനാധിപത്യസംവിധാനത്തിന്റെ കടയ്ക്കൽ കത്തി വയിക്കുന്നതിന്റെ തുടക്കമാണെന്നു കാലം തെളിയിച്ചിട്ടുള്ളതാണ്. ജനാധിപത്യത്തോടൊപ്പം എന്നും സഹയാത്ര ചെയ്യേണ്ട അഭിപ്രായസ്വാതന്ത്ര്യവും മാധ്യമസ്വാതന്ത്ര്യവും ആവിഷ്ക്കാര സ്വാതന്ത്ര്യവും ദുർബലമാക്കനുള്ള ശ്രമങ്ങൾ ആവർത്തിക്കാതിരിക്കാൻ നീതിപീഠത്തിന്റെയും മാധ്യമ സമൂഹത്തിന്റെയും പൊതുസമൂഹത്തിന്റെ തന്നെയും ജാഗ്രത ഉണ്ടായേതീരൂ.

---

മാതൃഭൂമി മെയ് 12, 2022

## ജനാധിപത്യത്തിന് കരുത്തേകുന്ന നീക്കം

സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം അമൃത് മഹോത്സവമായി ആഘോഷിക്കുന്ന രാജ്യത്തിന് പരമോന്നത നീതിപീഠം നൽകിയ സമ്മാനമാണ് ഇന്ത്യൻ പീനൽ കോഡിലെ 124-എ വകുപ്പ് മരവിപ്പിച്ച നടപടി. സാമ്രാജ്യത്വകാലത്തെ കാലഹരണപ്പെട്ട ആ നിയമം പുന:പരിശോധിക്കാൻ കേന്ദ്രസർക്കാരിന് അവസരം നൽകിയ സുപ്രീംകോടതി, തീരുമാനം അനന്തമായി നീളരുതെന്ന് നിർദേശിക്കുന്നു. സർക്കാർ വിരുദ്ധവികാരമുണ്ടാക്കുന്നത് രാജ്യദ്രോഹമാണെന്നും ആ കുറ്റം ചെയ്യുന്നവരെ വാറന്റില്ലാതെ അറസ്റ്റുചെയ്യാമെന്നും കുറ്റം തെളിഞ്ഞാൽ മൂന്നുവർഷം മുതൽ ജീവപര്യന്തംവരെ തടവിന് ശിക്ഷിക്കാമെന്നും അനുശാസിക്കുന്ന വകുപ്പാണത്.

രാജ്യദ്രോഹക്കുറ്റാരോപണത്തിനുള്ള വകുപ്പ് വിവിധ സംസ്ഥാനങ്ങളിൽ ദുരുപയോഗിക്കുന്നുവെന്ന് ചൂണ്ടിക്കാട്ടി എഡിറ്റേഴ്സ് ഗിൽഡ് ഓഫ് ഇന്ത്യയടക്കം നൽകിയ കേസിലാണിപ്പോൾ സുപ്രീംകോടതി വിധിയുണ്ടായത്. പുതുതായി കേസെടുക്കരുതെന്നു മാത്രമല്ല നേരത്തേയുള്ള കേസുകളിൽ തുടർ നടപടി പാടില്ലെന്നും എന്നാൽ ആ കേസുകളിൽ ജയിലിൽക്കഴിയുന്നവർക്ക് ജാമ്യത്തിനായി കോടതിയെ സമീപിക്കാമെന്നുമാണ് വിധി. രാജ്യസ്നേഹത്തിന് ഒറ്റവഴിയല്ല ഉള്ളതെന്നും ഭരണത്തിലെ നയവൈകല്യങ്ങളെ എത്രശക്തമായി വിമർശിക്കുന്നതിനെയും രാജ്യദ്രോഹമായി കാണാനാവില്ലെന്നും സർക്കാരിനെ അക്രമത്തിലൂടെ മറിച്ചിടാൻ ശ്രമിക്കുന്നതുമാത്രമേ 124എ വകുപ്പിന്റെ പരിധിയിൽ വരാവൂ എന്ന് വ്യക്തമാക്കുകയും ചെയ്തു.

---

കേരളകൗമുദി മെയ് 13, 2022

## പൊതുവിദ്യാലയങ്ങൾക്ക് കരുത്ത് പകരാൻ

വിദ്യാഭ്യാസവകുപ്പ് പുറത്തിറക്കിയ കരട് സ്ക്കൂൾ മാനുവൽ പൊതുവിദ്യാലയങ്ങളുടെ ഭാവിഘടന സവിസ്തരം പ്രതിപാദിക്കുന്നു. പൊതുവിദ്യാലയങ്ങളുടെ നിലവാരമുയർത്താനുള്ള മഹായജ്ഞത്തിലാണ് സർക്കാർ. ദേശീയ വിദ്യാഭ്യാസ നയമനുസരിച്ച് ഒന്നാം ക്ലാസ്സ് പ്രവേശനത്തിന് ആറുവയസ്സാണ് നിശ്ചയിച്ചിരിക്കുന്നതെങ്കിലും സംസ്ഥാനത്ത് ഇപ്പോഴത്തെപ്പോലെ അഞ്ചുവയസ്സു തന്നെയാകും. രണ്ടുവയസു മുതലേ പ്രീസ്ക്കൂൾകാലം ആരംഭിക്കുന്നതിനാൽ അഞ്ചാംവയസ്സിൽ ഒന്നാംക്ലാസ്സ് പ്രവേശനം രക്ഷകർത്താക്കളുടെ ആഗ്രഹത്തിന് അനുസരണമാണ്.

വിദ്യാലയങ്ങളിൽ മതിയായ ടോയ്‌ലെറ്റ് സൗകര്യം ഉറപ്പാക്കുക, ഇംഗ്ലീഷ് മീഡിയം ക്ലാസ്സ് ആരംഭിക്കാൻ കുറഞ്ഞത് മുപ്പത് കുട്ടികൾ ഉണ്ടായിരിക്കുക, അസംബ്ലി പതിനഞ്ച് മിനിട്ടിലധികം നീളാതിരിക്കുക, കുട്ടികളുടെ ആത്മവിശ്വാസം തകർക്കുന്ന വിധം അദ്ധ്യാപകർ പെരുമാറാതിരിക്കുക, അദ്ധ്യാപക - രക്ഷാകർത്തൃ സംഘടനയിൽ പകുതിയോളം സ്ത്രീപ്രാതിനിധ്യം നിർബന്ധമാക്കുക തുടങ്ങിയവ പുതിയ മാനുവലിലെ നിർദ്ദേശങ്ങളാണ്.

കക്ഷിരാഷ്ട്രീയത്തിൽ നിന്ന് അദ്ധ്യയന മേഖലയും മോചിതമല്ല. അതിന്റെ ദോഷഫലങ്ങൾ ഇടയ്ക്കിടെ മറനീക്കി പുറത്തു വരുന്നു. രാഷ്ട്രീയാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന അദ്ധ്യാപക സംഘടനകൾ ചിലപ്പോഴെങ്കിലും ലക്ഷ്മണരേഖ കടക്കാറുണ്ട്. അവകാശങ്ങൾക്കുവേണ്ടി ശബ്ദമുയർത്തുന്നതിനൊപ്പം അദ്ധ്യയന നിലവാരം പരമാവധി മെച്ചപ്പെടുത്താനുള്ള യത്നങ്ങളിൽ ആത്മാർത്ഥമായി സഹകരിക്കാനും അദ്ധ്യാപകലോകം തയ്യാറാകുമ്പോഴാണ് പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വർദ്ധിക്കുന്നത്.

---

മാധ്യമം മെയ് 17, 2022

## സാമ്പത്തികഭദ്രതയ്ക്കുവേണം സാമൂഹികശാന്തി

മറ്റു രാജ്യങ്ങൾക്ക് ഭക്ഷ്യവസ്തുക്കൾ നൽകുന്നതിന് ലോക വ്യാപാര സംഘടന അനുവദിക്കുമെങ്കിൽ ഇന്ത്യ തയാറാണെന്ന് ഏപ്രിലിൽ പ്രധാനമന്ത്രി പറഞ്ഞിരുന്നു. ഒരു മാസത്തിനുശേഷം തീരുമാനിച്ച ഭക്ഷ്യകയറ്റുമതിയിൽനിന്നുപോലും പിന്നോക്കം പോകേണ്ടി വന്നിരിക്കുന്നു രാജ്യത്തിന്. പണപ്പെരുപ്പവും രാജ്യത്തിന്റെ സാമ്പത്തികഭദ്രതയെയും സാമൂഹിക സുസ്ഥിതിയെയും കാര്യമായി ബാധിച്ചു തുടങ്ങിയതിന്റെ ലക്ഷണങ്ങളാണ് കാണുന്നത്. സാമ്പത്തിക സ്വാശ്രയത്വം എന്ന പേരിൽ മുമ്പേ നാം സ്വീകരിച്ച നയം മുൻകാലങ്ങളിൽ ഫലം ചെയ്തിരുന്നു. പരസ്പരം ആശ്രയിക്കാതെ ലോകത്ത് രാജ്യങ്ങൾക്കൊന്നും നിലനിൽക്കാനാകില്ല എന്നതൊരു വസ്തുതയാണ്. പരസ്പരാശ്രിതത്വം യാഥാർത്ഥ്യമാണെങ്കിലും അത് സാമ്പത്തിക അടിമത്തമായി മാറിക്കൂടാ. സാമൂഹികഭദ്രതയും സൗഹാർദവുമെല്ലാം സാമ്പത്തിക സുസ്ഥിതിക്കുള്ള ഉപാധികളാണ്. അസമത്വം സമൂഹത്തിൽ വിള്ളലുണ്ടാക്കുന്നു. ജാതീയത തൊഴിൽ സംസ്കാരത്തെ ദുഷിപ്പിക്കുന്നു. ചങ്ങാത്ത മുതലാളിത്തം ഭരണസംവിധാനങ്ങളെ സ്വാധീനിക്കുന്നു. തൊഴിൽ രംഗം തകരുന്നു. നമ്മുടെ സാമ്പത്തികഭദ്രത, സാമൂഹികാന്തരീക്ഷവും സാമുദായിക സൗഹാർദവുമായി നേരിട്ട് ബന്ധപ്പെട്ടു നിൽക്കുന്നു എന്നാണ് ഇതെല്ലാം സൂചിപ്പിക്കുന്നത്. വെറുതെയല്ല സാമ്പത്തികരംഗത്തെ കണക്കുകൾപോലെ തന്നെ ജനാധിപത്യം, മതസൗഹാർദം, മാധ്യമ സ്വാതന്ത്ര്യം, സന്തോഷ നിലവാരം, സാമ്പത്തിക - സാമൂഹിക സമത്വം, തൊഴിൽ തുടങ്ങി അനേകം രംഗങ്ങളിലെ കണക്കുകളിലും അന്താരാഷ്ട്ര ഏജൻസികളുടെ വിലയിരുത്തലുമനുസരിച്ച് നാം പിറകോട്ടു പോകുന്നത്. സാമ്പത്തിക ഭദ്രതയുള്ളിടത്ത് സാമൂഹിക സുരക്ഷ ഉണ്ടാകും എന്നതിനെക്കാൾ സത്യമാണ്, സാമൂഹികസുരക്ഷ ഉള്ളിടത്ത് സാമ്പത്തിക ഭദ്രത ഉണ്ടാകും എന്നത്.

ദീപിക മെയ് 21, 2022

## ചൊട്ടയിലേ ശീലിക്കാം സ്ത്രീ-പുരുഷ സമത്വം

സ്ത്രീ- പുരുഷ തുല്യത പ്രീ-പ്രൈമറി മുതലുള്ള പാഠപുസ്തകങ്ങളിലെ ആശയാവതരണത്തിലും ചിത്രീകരണത്തിലും ഉറപ്പുവരുത്തണമെന്ന ബാലാവകാശ കമ്മീഷന്റെ ഉത്തരവ് അഭിനന്ദനാർഹമാണ്. സ്വാതന്ത്ര്യത്തിലും അവകാശങ്ങളിലും ഉൾപ്പെടെ സ്ത്രീയെ ഒരു പടി താഴെ നിർത്താൻ ശ്രമിക്കുന്നവർ അത്തരമൊരു അപക്വചിന്ത സ്വായത്തമാക്കിയത് ബാല്യകാലത്തെ കാഴ്ചകളിലും കേൾവികളിലും നിന്നുമാണ്. അതിനാൽ തിരിച്ചറിവിന്റെ പ്രായത്തിൽ തന്നെ ഇത്തരമൊരു നീതിബോധം ഉണ്ടായേ തീരൂ. സ്ത്രീകളോടുള്ള പ്രതിബദ്ധതയും പ്രതികരണങ്ങളുമെല്ലാം ആളും തരവും മതവും വോട്ടും നോക്കി മാത്രമാകുമ്പോൾ സമത്വം കെട്ടുകാഴ്ചയായി മാറും. സ്ത്രീ-പുരുഷ സമത്വബോധത്തോടെ കുട്ടികളെ വളർത്തുകയാണു പരിഹാരം. അതിനു സഹായകരമാണു ബാലാവകാശ കമ്മീഷന്റെ തീരുമാനം.

ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന തുല്യതയും അവസര സമത്വവും പാഠപുസ്തകങ്ങൾ വിഭാവനം ചെയ്യുമ്പോൾ ഉറപ്പുവരുത്തേണ്ടതുണ്ട്. കുട്ടികൾക്കായുള്ള ദേശീയവും അന്തർദേശീയവുമായ നിയമങ്ങളിൽ ഇത്തരത്തിലുള്ള യാതൊരു വിവേചനവും പാടില്ലെന്നു നിഷ്ക്കർഷിക്കുന്നതു പാഠപുസ്തകങ്ങളുടെ കാര്യത്തിലും ഉറപ്പുവരുത്തണമെന്നും കമ്മീഷൻ നിർദേശിച്ചിട്ടുണ്ട്. പാഠപുസ്കങ്ങളിൽ മാത്രമല്ല കഥാപുസ്തകങ്ങളിലും സോഷ്യൽ മീഡിയയയിലും ചാനലുകളിലുമൊക്കെ സ്ത്രീകൾക്കായി മാറ്റിവച്ചിരിക്കുന്ന അടുക്കളകളും തൂപ്പുജോലികളും ഇരിപ്പിടങ്ങളുമൊക്ക കുട്ടികളിൽ തെറ്റായ സന്ദേശമാണു നൽകുന്നത്. വിവേചനമില്ലാത്ത സ്ത്രീ-പുരുഷ സ്ഥാനം ഉറപ്പിക്കാൻ വൈകുവോളം ഒരു സമൂഹത്തിനും അവകാശപ്പെടാനാവില്ല തങ്ങൾ പരിഷ്കൃതരാണെന്ന്.

---

മാതൃഭൂമി മെയ് 25, 2022

## മരുന്നുനിർമ്മാണമേഖല കേരളത്തിന് അപ്രാപ്യമോ

അലോപ്പതി മരുന്നുകളുണ്ടാക്കുന്നതിനുള്ള രാസസംയുക്തങ്ങളും ചേരുവകളുമുണ്ടാക്കുന്നതിന് ഗുജറാത്തിൽ 115 നിർമ്മാണശാലകൾകൂടി തുടങ്ങാൻ നടപടിയായിരിക്കുകയാണ്. കോവിഡുകാലത്ത് ചൈനയിൽ അടച്ചിടൽ നടപ്പാക്കിയപ്പോൾ ഇറക്കുമതി അസാധ്യമായത് ഇന്ത്യയിലെ മരുന്നുത്പാദനം പ്രതിസന്ധിയിലാക്കി. മരുന്നുകൾക്ക് 11 ശതമാനത്തിലധികം വിലക്കയറ്റമുണ്ടായി. ഇന്ത്യയെ മരുന്നുത്പാദനത്തിൽ സ്വയംപര്യാപ്തമാക്കുകയെന്ന ലക്ഷ്യത്തോടെ ഗുജറാത്തിലും പഞ്ചാബിലും ഹിമാചൽപ്രദേശിലുമായി മൂന്ന് ബൾക്ക് ഡ്രഗ് ഫാർമ പാർക്ക് തുടങ്ങാൻ കേന്ദ്രസർക്കാർ അനുമതി നൽകി. മറ്റുപല സാധനങ്ങളുടെയും കാര്യത്തിലെന്നപോലെ മരുന്നുകളുടെയും ഏറ്റവും വലിയ ഉപഭോക്തൃ സംസ്ഥാനം എന്നതാണ് കേരളത്തിന്റെ നില. മരുന്നുകൾക്കാവശ്യമായ രാസസംയുക്തങ്ങളുണ്ടാക്കുന്ന ബൾക്ക് ഡ്രഗ് ഫാർമ നിർമ്മാണ യൂണിറ്റുകൾ കേരളത്തിൽ തുടങ്ങാനാവുമോ എന്ന വിശദമായ പരിശോധന ഇതേവരെ നടന്നിട്ടില്ല.

ആരോഗ്യപരിപാലന കാര്യത്തിൽ ഏറ്റവും ശ്രദ്ധാലുക്കളാണ് കേരളീയർ എന്നതിനാൽ മരുന്നുകളുടെ ഏറ്റവും വലിയ വിപണിയും ഇവിടെയാണ്. എന്നാൽ സംസ്ഥാനത്ത് ആവശ്യമായ മരുന്നിന്റെ ഒരു ശതമാനം പോലും ഉത്പാദിപ്പിക്കാനുള്ള ശേഷി ഇപ്പോഴുമില്ല. ഏതാനും വർഷം മുമ്പ് നൂറ്റിയിരുപതിലേറെ സ്വകാര്യ മരുന്നുനിർമാണശാലകളുണ്ടായിരുന്നത് ഇപ്പോൾ ഇരുപത്തഞ്ചിൽ താഴെയായി. വിപുലമായ സാധ്യതയുള്ളതും അത്യാവശ്യവുമായ മേഖലയെന്ന നിലയിൽ ഫാർമസ്യൂട്ടിക്കൽ - ആശുപത്രി ഉപകരണ നിർമാണത്തിന് പൊതുമേഖലയിലും സംയുക്തമേഖലയിലും സഹകരണ മേഖലയിലും സ്വകാര്യമേഖലയിലും സംരംഭങ്ങൾ തുടങ്ങുന്നതിന് സർക്കാർ തീവ്രയത്നം നടത്തണം.

---

ദീപിക മെയ് 30, 2022

## പ്രതീക്ഷയുടെ ചിറകിൽ പുതിയ അധ്യയനവർഷം

ഓരോ അധ്യയനവർഷവും മനുഷ്യരാശിയുടെ പ്രതീക്ഷകളുടെ പുതുക്കിയെഴുത്തുകളാണ്. വിജ്ഞാനത്തിലേക്കുള്ള തലമുറകളുടെ പുതുവത്സര യാത്രകൾ ഇരുപത്തൊന്നാം നൂറ്റാണ്ടിലെ ദുരന്തമായി മാറിയ മഹാമാരിയുടെ രണ്ടുവർഷത്തെ ഇടവേളയ്ക്കു ശേഷം അധ്യയനവർഷം അതിന്റെ പ്രതാപം വീണ്ടെടുക്കുകയാണ്. വിദ്യാർത്ഥികളുടെയും മാതാപിതാക്കളുടെയും അധ്യാപകരുടെയും മാത്രമല്ല സർക്കാരിന്റെയും അടിയന്തിര ശ്രദ്ധ പതിയേണ്ട വിഷയം മയക്കുമരുന്നാണ്. സ്ക്കൂളുകളും കോളേജുകളും തുറക്കുന്നതിനൊപ്പം മയക്കുമരുന്നു മാഫിയയുടെ സഞ്ചരിക്കുന്ന കടകളും തുറക്കുകയാണ്.

വിദ്യാഭ്യാസത്തിൽ മാത്രമല്ല ജീവിതത്തിന്റെ സമസ്തമേഖലകളിലും ഇന്റർനെറ്റും ഡിജിറ്റൽ ഉപകരണങ്ങളുമൊക്കെ കൈയേറ്റം നടത്തിക്കഴിഞ്ഞു. വിദ്യാർത്ഥികളുടെ പഠനരീതികളിലെ മാറ്റങ്ങൾ അധ്യാപകർക്ക് അറിയാമെങ്കിലും അവരുടെ സ്വഭാവ രീതികളെക്കുറിച്ച് കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്. മുമ്പുണ്ടായിരുന്ന സുഹൃദ് വലയങ്ങളാവില്ല ഇപ്പോഴുള്ളത് വിദൂരങ്ങളിലെ അപരിചിതരുമായിപോലും അവർക്ക് സോഷ്യൽ മീഡിയ വഴി ബന്ധങ്ങളുണ്ട്. മയക്കുമരുന്നു വ്യാപനവും അതുവഴി എളുപ്പമായിക്കഴിഞ്ഞു. വിദ്യാർത്ഥികളുമായുള്ള വ്യക്തിബന്ധങ്ങളിലൂടെ അധ്യാപകർക്ക് ഇതിന്റെയൊക്കെ വേരുകൾ കണ്ടെത്താനും അറുത്തുമാറ്റാനും സാധിക്കും.

ഭാവിയുടെ വാഗ്ദാനങ്ങളെ നിർമ്മിച്ചെടുക്കുന്ന ഫാക്ടറികളാണു തുറക്കുന്നതെന്നു പറയാം. വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും കറുത്ത പുകക്കുഴലുകളില്ലാത്ത ഫാക്ടറികൾ. ശാസ്ത്രബോധമുള്ള, മതാന്ധത ബാധിക്കാത്ത, സഹജീവികളോടു വിദ്വേഷം പുലർത്താത്ത കൊലവിളി നടത്താത്ത ജനാധിപത്യബോധമുള്ള, സ്നേഹവും കരുണയുമുള്ള തലമുറയെയാണ് വാർത്തെടുക്കേണ്ടത്. നമ്മുടെ വിദ്യാലയങ്ങളിലും യൂണിവേഴ്സിറ്റികളിലും പഠിപ്പിക്കുന്ന ശാസ്ത്രത്തിനും സാമൂഹിക പാഠങ്ങൾക്കും ലക്ഷ്യബോധമുണ്ടാകട്ടെ. സർക്കാരും മാതാപിതാക്കളും വലിയ സാമ്പത്തിക ബാധ്യതകൾ ഏറ്റെടുക്കുന്ന മഹത്തായ പ്രക്രിയയാണ് വിദ്യാഭ്യാസം. അതു പാഴായിപ്പോകാനുള്ളതല്ല.

# കോഹിന്നൂറിനെ സ്വന്തമാക്കി അദാനി വിൽമർ

adani wilmar

വരുമാനത്തിന്റെ കാര്യത്തിൽ ഹിന്ദുസ്ഥാൻ യുണിലിവറിനെ ഒന്നാം സ്ഥാനത്ത് നിന്ന് പിന്തള്ളി രാജ്യത്തെ ഏറ്റവും വലിയ എഫ്എംസിജി കമ്പനിയായി മാറിയ അദാനി വിൽമർ, അതിന്റെ പ്രധാന ഭക്ഷ്യവിഭവങ്ങളുടെ പോർട്ട്ഫോളിയോ വിപുലീകരിക്കുന്നതിനായി പ്രശസ്ത ബസ്മതി അരി ബ്രാൻഡുകളായ കോഹിനൂർ, ചാർമിനാർ എന്നിവ യുഎസ് ആസ്ഥാനമായ മക്കോർമിക്കിൽ നിന്ന് ഏറ്റെടുത്തു. കോടീശ്വരനായ ഗൗതം അദാനിയുടെ നേതൃത്വത്തിലുള്ള അദാനി ഗ്രൂപ്പിന്റെയും സിംഗപ്പൂർ അഗ്രിബിസിനസ് താരം വിൽമർ ഇന്റർനാഷണലിന്റെയും നേതൃത്വത്തിലുള്ള അദാനി ഗ്രൂപ്പിന്റെ സംയുക്ത സംരംഭമായ കമ്പനി ഏറ്റെടുക്കലിനുള്ള പരിഗണന വെളിപ്പെടുത്തിയിട്ടില്ല. എന്നാൽ ഐപിഒ വരുമാനത്തിൽ നിന്നാണ് വാങ്ങലിന് പണം നൽകിയതെന്ന് പറയുന്നു. 3,600 കോടി രൂപയുടെ ഐപിഒ സമാഹരണത്തിൽ നിന്ന് 450 കോടി രൂപ എം ആൻഡ് എയ്ക്കായി നീക്കിവച്ചിരുന്നു.

# മിറർ നൗ ന് വിഷ്വൽ ഐഡന്റിറ്റി

MIRROR NOW

മിറർ നൗ അതിന്റെ പുതിയ വിഷ്വൽ ഐഡന്റിറ്റിയും പുതിയ ഉള്ളടക്ക ഫോർമാറ്റുകളും അനാവരണം ചെയ്തു. അതിന്റെ പുതിയ അവതാറിൽ, മിറർ നൗ കാഴ്ചക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട വാർത്ത കാണൽ അനുഭവം നൽകുന്നു.

ആപേക്ഷികവും നവീകരിച്ചതുമായ വർണ്ണ പാലറ്റും ഉള്ളടക്കത്തിന്റെ ചലനാത്മകതയ്ക്കൊപ്പം ആധുനികവൽക്കരിച്ച ടൈപ്പോഗ്രാഫിയും ഉപയോഗിച്ച് ചാനൽ അതിന്റെ ഓൺ-എയർ ലുക്ക് മാറ്റിമറിച്ചു. യുവത്വവും സമകാലികവുമായ സമീപനത്തെ പ്രതിഫലിപ്പിക്കുന്നതിനായി അതിന്റെ വിഷ്വൽ ഡിസൈനിന് സാധിക്കുമെന്ന് അവർ പ്രതീക്ഷിക്കുന്നു.

# ഡൈൻഔട്ട് സ്വിഗ്ഗി ഏറ്റെടുക്കുന്നു

ഡിമാൻഡ് ഡെലിവറി പ്ലാറ്റ്ഫോമായ സ്വിഗ്ഗി, ഡിജിറ്റൽ ഉൽപ്പന്ന കമ്പനിയുടെ പിന്തുണയുള്ള ഡൈനിംഗ് ഔട്ട്, റെസ്റ്റോറന്റ് ടെക് സൊല്യൂഷൻസ് പ്ലാറ്റ്ഫോമായ ഡൈൻഔട്ട് ഏറ്റെടുക്കുന്നതിന് ടൈംസ് ഇന്റർനെറ്റുമായി കരാർ ഒപ്പിട്ടു. ഈ ഏറ്റെടുക്കലിലൂടെ, സ്വിഗ്ഗി ഒരു സമ്പൂർണ്ണ ഫുഡ് ടെക് പ്ലാറ്റ്ഫോമായി മാറും. ഏറ്റെടുക്കലിനുശേഷം ഒരു സ്വതന്ത്ര ആപ്ലിക്കേഷനായി ഡൈൻഔട്ട് അതിന്റെ പ്രവർത്തനങ്ങൾ തുടരുമെന്ന് സ്വിഗ്ഗി ഒരു പത്രക്കുറിപ്പ് പുറത്തിറക്കി.

# ഇ-കൊമേഴ്സ് ഇൻസൈറ്റ് പ്ലാറ്റ്ഫോമായ Profitero പബ്ലിസിസ് സ്വന്തമാക്കുന്നു

PUBLICIS GROUPE

ഓൺലൈൻ റീട്ടെയിൽ മേഖലയിൽ തങ്ങളുടെ സ്വാധീനം വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നതിനാൽ ആഗോള ഇ-കൊമേഴ്സ് സോഫ്റ്റ്വെയർ പ്ലാറ്റ്ഫോമായ Profitero ഏറ്റെടുക്കുമെന്ന് ഫ്രഞ്ച് പരസ്യ കമ്പനിയായ പബ്ലിസിസ്. 300 ജീവനക്കാർ ജോലി ചെയ്യുന്ന Profitero, ലോകമെമ്പാടുമുള്ള 700 റീട്ടെയിൽ വെബ്സൈറ്റുകളിൽ ബ്രാൻഡുകളെ അവരുടെ വിൽപ്പന പ്രകടനത്തിലും ലാഭത്തിലും സഹായിക്കുന്നു. 200 മില്യൺ യൂറോയുടെ (210.58 മില്യൺ ഡോളർ) ഇടപാടായിരുന്നു ഇത്.

# ആബി മീഡിയ അവാർഡുകൾ 2022

ABBY AWARDS

Goafest 2022-ലെ ആബി അവാർഡ് മൈൻഡ്ഷെയർ അതിന്റെ ബംഗ്ലാദേശ് ഓഫീസ് നേടിയ അവാർഡുകൾ ഉൾപ്പെടെ 22 അവാർഡുകൾ നേടി. ഒമ്പത് സ്വർണവും അഞ്ച് വെള്ളിയും എട്ട് വെങ്കലവുമാണ് ഏജൻസി നേടിയത്. മറ്റ് കാമ്പെയ്നുകളിൽ, പെപ്സിയുടെ 'സ്വാഗ് സെ സോളോ', ഡോവിന്റെ 'സ്റ്റോപ്പ് ദ ബ്യൂട്ടി ടെസ്റ്റ്', സ്റ്റാർ സ്പോർട്സിന്റെ ഇന്ത്യൻ സൂപ്പർ ലീഗ് എന്നിവയ്ക്കായി ഏജൻസി സ്വർണ്ണം നേടി.

മാഡിസൺ 15 അവാർഡുകൾ നേടി, അതിൽ രണ്ടെണ്ണം സ്വർണവും അഞ്ച് വെള്ളിയും എട്ട് വെങ്കലവും സഫോള ലൈഫിന്റെ 'പോക്ക് ഫോർ എ കോസ്', ഓപ്പോയുടെ 'ഇന്ത്യയിലെ ഏറ്റവും വലിയ ഡ്രോൺ ഷോ' എന്നിവയ്ക്കായി സ്വർണം നേടി.

# റോയിട്ടേഴ്സിന് പുലിറ്റ്സർ പുരസ്കാരം

REUTERS®

ന്യൂയോർക്ക് ടൈംസ് മൂന്ന് പുലിറ്റ്സർ സമ്മാനങ്ങൾ നേടി, അഞ്ച് തവണ കൂടി ഫൈനലിസ്റ്റായി തിരഞ്ഞെടുക്കപ്പെട്ടു, അതേസമയം എതിരാളിയായ വാഷിംഗ്ടൺ പോസ്റ്റ് പബ്ലിക് സർവീസ് അവാർഡ് നേടി, ഫീച്ചർ ഫോട്ടോഗ്രാഫിക്കുള്ള സമ്മാനം റോയിട്ടേഴ്സ് നേടി.

അമേരിക്കൻ പത്രപ്രവർത്തനത്തിലെ ഏറ്റവും അഭിമാനകരമായ അവാർഡുകളാണ് പുലിറ്റ്സർ.

ഫീച്ചർ ഫോട്ടോഗ്രാഫിയിൽ, കഴിഞ്ഞ ജൂലൈയിൽ അഫ്ഗാനിസ്ഥാനിലെ യുദ്ധം റിപ്പോർട്ട് ചെയ്യുന്നതിനിടെ കൊല്ലപ്പെട്ട അന്തരിച്ച ഡാനിഷ് സിദ്ദിഖി ഉൾപ്പെടെയുള്ള റോയിട്ടേഴ്സ് ഫോട്ടോഗ്രാഫർമാരുടെ ഒരു സംഘം, ഇന്ത്യയിലെ കൊറോണ വൈറസ് പാൻഡെമിക് കവറേജിനുള്ള ഫോട്ടോഗ്രാഫിക്കാണ് പുലിറ്റ്സർ സമ്മാനം നേടിയത്.

# ഇന്ത്യയും മഡഗാസ്കറും ധാരണാപത്രത്തിൽ ഒപ്പുവച്ചു

ഇന്ത്യയും മഡഗാസ്കറും അന്റനാനറിവോയിൽ പരിപാടികളുടെ കോപ്രൊഡക്ഷൻ, പരിശീലനം, ഉദ്യോഗസ്ഥരുടെ കൈമാറ്റം എന്നിവ പ്രക്ഷേപണം ചെയ്യുന്നതിനായി ഇരു രാജ്യങ്ങളിലെയും പബ്ലിക് ബ്രോഡ്കാസ്റ്റർ തമ്മിൽ ധാരണാപത്രത്തിൽ (എംഒയു) ഒപ്പുവച്ചു. ഇന്ത്യയുടെ പ്രസാർ ഭാരതിയും മഡഗാസ്കറിന്റെ ഒആർടിഎമ്മും (ഓഫീസ് ഡി ലാ റേഡിയോ എറ്റ് ഡി ലാ ടെലിവിഷൻ) തമ്മിലാണ് സഹകരണം.

ഇതിനുള്ള ധാരണാപത്രം അംബാസഡർ അഭയ് കുമാറും ഒആർടിഎമ്മിലെ ഇന്ത്യൻ എംബസി ഡയറക്ടർ ജനറൽ ബെലാലഹി ജീൻ യെവ്സും അന്റാനനാരിവോയിൽ ഒപ്പുവച്ചു.

# അസ്മ അവാർഡ്



അസോസിയേഷൻ ഓഫ് ഷോർട്ട് മൂവി മേക്കേഴ്സ് ആൻറ് ആർട്ടിസ്റ്റ്സ് (അസ്മ)ന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം തൈക്കാട് ഭാരത് ഭവനിൽ നടന്ന ഷോർട്ട് ഫിലിം ആൻറ് ഡോക്യുമെൻററി ഫെസ്റ്റിവലിൽ, മികച്ച ഡോക്യുമെന്ററി സംവിധായകനുള്ള പുരസ്കാരം കാഞ്ഞിരംപാറ രവി സ്വീകരിച്ചു. 'ക്ഷമയാ ധരിത്രി', 'ചരിത്ര പഥങ്ങളിൽ അമൃത വർഷിണിയായ്' എന്നീ ഡോക്യുമെന്ററികളിലൂടയാണ് ഈ പുരസ്കാരത്തിന് അർഹനായത്. പാരിസ്ഥിതിക വെല്ലുവിളികളെ നേരിട്ടുകൊണ്ട് ആരോഗ്യകരമായ വഴികളിലൂടെ ഭൂമിക്ക് ഭാരമാകാത്ത തരത്തിലുള്ള വനിതകളുടെ ജീവിതവഴികളെപ്പറ്റിയുള്ളതാണ് ക്ഷമയാ ധരിത്രി എന്ന ഡോക്യുമെന്ററി. തൻെറ തൊണ്ണൂറ്റിയഞ്ചാം വയസ്സിലും ഭാരതീയ സംഗീതത്തിനായി ആത്മാർപ്പണം ചെയ്ത പത്മശ്രീ പാറശ്ശാല ബി. പൊന്നമ്മാളിനെക്കുറിച്ചുള്ളതായിരുന്നു 'ചരിത്ര പഥങ്ങളിൽ അമൃത വർഷിണിയായ്' എന്ന ഡോക്യുമെന്ററി. കോവിഡ് അനുബന്ധ വിഭാഗത്തിൽ അദ്ദേഹത്തിന്റെ 'ജീവനം, അതിജീവനം' മികച്ച കോവിഡ് അനുബന്ധ ഡോക്യുമെന്ററിക്കുള്ള പുരസ്കാരവും നേടി. ഭാരത് ഭവനിൽ നടന്ന ചടങ്ങിൽ മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി, മന്ത്രി ആൻറണി രാജു എന്നിവരിൽ നിന്നും യഥാക്രമം പുരസ്കാരങ്ങൾ സ്വീകരിച്ചു.

# Rage Coffee ലോഗോ റീബ്രാൻഡ് ചെയ്യുന്നു

പാക്കേജുചെയ്ത കോഫി ഉൽപന്നങ്ങൾ നിർമ്മിക്കുകയും വിപണനം ചെയ്യുകയും വിതരണം ചെയ്യുകയും ചെയ്യുന്ന ഡൽഹി ആസ്ഥാനമായുള്ള എഫ്എംസിജി കമ്പനിയായ റേജ് കോഫി അതിന്റെ റീബ്രാൻഡഡ് വിഷ്വൽ ഐഡന്റിറ്റി അനാവരണം ചെയ്തു. പുതിയ വിഷ്വൽ ഐഡന്റിറ്റിയിൽ ഒരു പുതിയ ലോഗോ, നിറങ്ങൾ, സൗന്ദര്യം, പാക്കേജിംഗ് എന്നിവ അടങ്ങിയിരിക്കുന്നു, പ്രേക്ഷകരുമായി കൂടുതൽ മെച്ചപ്പെട്ട ബന്ധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ. നവീകരിച്ച ക്രിയേറ്റീവ് ഡിസൈനുകൾക്ക് പിന്നിൽ വികസിതവും വൈവിധ്യപൂർണ്ണവുമായ പ്രേക്ഷകരുമായി അർത്ഥവത്തായ സംഭാഷണങ്ങളും കണക്ഷനുകളും ബോണ്ടുകളും സൃഷ്ടിക്കുക എന്നതാണ്. കമ്പനിയുടെ നേട്ടങ്ങൾ, വിജയം എന്നിവ കൂടി കണക്കിലെടുത്താണ് പുതിയ മാറ്റങ്ങൾ.

# എൽ & ടി, മൈൻഡ് ട്രീ ലയനം

എൽ&ടി, ഇൻഫോടെക് മൈൻഡ് ട്രീ എന്നിവയെ ലയിപ്പിക്കാൻ ഒരുങ്ങി ലാർസൻ ആൻഡ് ടൂബ്രോ(എൽ&ടി). ഈ ഐടി കമ്പനികളുടെ ലയനം പൂർത്തിയാകുന്നതോടെ LTIMindtree എന്ന പേരിലായിരിക്കും കമ്പനി അറിയപ്പെടുക. നടപ്പ് സാമ്പത്തിക വർഷത്തിലെ അവസാനത്തോടെ നടപടിക്രമങ്ങൾ പൂർത്തിയാക്കുമെന്നാണ് റിപ്പോർട്ടുകൾ പറയുന്നത്. രണ്ട് കമ്പനികളുടെയും പ്രവർത്തനം മറ്റ് എല്ലാ വലിയ കമ്പനികളെക്കാളും ഉയർന്നതായി കാണാൻ സാധിച്ചിട്ടുണ്ട്. രണ്ടു കമ്പനികളും ലയിപ്പിക്കുന്നതോടെ മികച്ച ഏകോപനവും സമന്വയ മൂല്യവും കൊണ്ടുവരാൻ സാധിക്കും, എൽ & ടി ഗ്രൂപ്പ് ചെയർമാൻ എ.എം നായിക് പറഞ്ഞു.

ലയനത്തിലൂടെ വരുമാനത്തിന്റെയും ലാഭത്തിന്റെയും കാര്യത്തിൽ ടിസിഎസ്, ഇൻഫോസിസ്, എച്ച്സിഎൽ ടെക്നോളജീസ്, വിപ്രോ, ടെക് മഹിന്ദ്ര എന്നിവയ്ക്ക് ശേഷം രാജ്യത്തെ ആറാമത്തെ വലിയ ഐടി പ്ലെയർ ആയി LTIMindtree മാറുമെന്നാണ് വിലയിരുത്തൽ.

# ഇന്ത്യൻ എക്സ്പ്രസും ഐസോബാറും 'ന്യൂസ് ബിയോണ്ട് വ്യൂസ്' പുറത്തിറക്കി

ഇന്ത്യൻ എക്സ്പ്രസും ഡെന്റ്സു ഇന്ത്യയിൽ നിന്നുള്ള ക്രിയേറ്റീവ് എക്സ്പീരിയൻസ് ഏജൻസിയായ ഐസോബാറും കാഴ്ച്ചയ്ക്ക് അതീതമായി വാർത്തകൾ കണ്ടെത്തുന്നതിനുള്ള ഒരു സംരംഭം വികസിപ്പിച്ചെടുത്തു. ബാക്കെൻഡിൽ ലളിതമായ ഒരു HTML കണ്ടുപിടിത്തം ഉപയോഗിച്ച്, മീഡിയ ഹൗസ് അവർ വിശ്വസിക്കുന്ന പത്രപ്രവർത്തനത്തിൽ  തുടങ്ങി ഏതെങ്കിലും പ്രധാന വാർത്തകൾ ഹൈലൈറ്റ് ചെയ്യുമ്പോൾ, ഒളിഞ്ഞിരിക്കുന്ന മറ്റൊരു സ്റ്റോറി ഉപയോക്താവിന് വായിക്കാൻ കഴിയും.

വാർത്തകൾ, അഭിപ്രായങ്ങൾ, വിഷയങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ എന്നിവ നീതിപൂർവവും കൃത്യവും പക്ഷപാതരഹിതവുമായ രീതിയിൽ ജനങ്ങളെ സേവിക്കുക എന്നതാണ് ജേണലിസത്തിന്റെ അടിസ്ഥാന ലക്ഷ്യമെന്ന് ഐസോബാർ ഇന്ത്യ ഗ്രൂപ്പ് സിഇഒ ഹീരു ദിൻഗ്ര പറഞ്ഞു. ഒരു മാധ്യമ സ്ഥാപനത്തിനും ഈ കടപ്പാട് നഷ്ടപ്പെടുത്താൻ കഴിയില്ല. ദി ഇന്ത്യൻ എക്സ്പ്രസിന്റെയും ഐസോബാർ ഇന്ത്യയുടെയും ഈ സംരംഭം വായനക്കാരോടുള്ള അവരുടെ സമഗ്രത പ്രദർശിപ്പിക്കുക മാത്രമല്ല, മറ്റ് വാർത്താ പ്രസിദ്ധീകരണങ്ങളെ ഇത് പിന്തുടരാൻ പ്രചോദിപ്പിക്കുകയും ചെയ്യും.

# Wondrlab നിയോൺ ഏറ്റെടുക്കുന്നു

പെർഫോമൻസ് മാർക്കറ്റിംഗ് ഏജൻസിയായ നിയോണിനെ Wondrlab ഏറ്റെടുത്തു. വണ്ടർലാബ് സ്ഥാപകനും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ സൗരഭ് വർമ്മ പറഞ്ഞു, ‘ഉൽപ്പന്നങ്ങളെയും സേവനങ്ങളെയും തടസ്സപ്പെടുത്തുന്ന അവിശ്വസനീയമായ പരിഹാരങ്ങൾ കണ്ടെത്താനുള്ള അഭിനിവേശം മെഹറും അദ്ദേഹത്തിന്റെ ടീമും പങ്കിടുന്നു. ടീമുകൾ ഒന്നിക്കുന്നതിനാൽ, തടസ്സമില്ലാത്ത പൂർണ്ണമായ അനുഭവം നൽകാൻ ഇത് സഹായിക്കുന്നു.

നിയോൺ സ്ഥാപകനായ മെഹർ പട്ടേൽ പറഞ്ഞു, ‘വണ്ടർലാബ് കുടുംബത്തിന്റെ ഭാഗമാകുന്നതിൽ ഞങ്ങൾ ആവേശഭരിതരാണ്. ഇന്ത്യയുടെ ആദ്യ നെറ്റ്വർക്ക് നിർമ്മിക്കാനുള്ള അഭിലാഷം ആവേശകരമാണ്.

# എയർ ഇന്ത്യ എയർഏഷ്യ ഇന്ത്യ ഏറ്റെടുക്കുന്നതിന് സിസിഐ അംഗീകാരം

എയർ ഏഷ്യ ഇന്ത്യ ലിമിറ്റഡിന്റെ മുഴുവൻ ഓഹരികളും എയർ ഇന്ത്യ ലിമിറ്റഡ് ഏറ്റെടുക്കുന്നതിന് അനുമതി നൽകിയതായി കോംപറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യ. എയർ ഏഷ്യ (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡിന്റെ മുഴുവൻ ഇക്വിറ്റി ഷെയർ ക്യാപിറ്റലും എയർ ഇന്ത്യ ലിമിറ്റഡിന് ഏറ്റെടുക്കുന്നതാണ് നിർദ്ദിഷ്ട സംയോജനം. (എഐഎൽ), ടാറ്റ സൺസ് പ്രൈവറ്റ് ലിമിറ്റഡിന്റെ (ടിഎസ്പിഎൽ) പരോക്ഷ പൂർണ്ണ ഉടമസ്ഥതയിലുള്ള ഉപസ്ഥാപനം, ഫെയർ ട്രേഡ് റെഗുലേറ്റർ പുറപ്പെടുവിച്ച അറിയിപ്പിൽ പറയുന്നു. TSPLന്റെയും എയർ ഏഷ്യ ഇൻവെസ്റ്റ്മെന്റ് ലിമിറ്റഡിന്റെയും (AAIL) സംയുക്ത സംരംഭമാണ് AirAsia India, TSPL ന് നിലവിൽ 83.67 ശതമാനവും AAILന് 16.33 ശതമാനം ഓഹരിയും ഉണ്ട്.

# Ferns N Petals ന് പുതിയ ബ്രാൻഡ് ഐഡന്റിറ്റി

ഗിഫ്റ്റിംഗ് കമ്പനിയായ Ferns N Petals കമ്പനിയുടെ പ്രൊഫഷണൽ പ്രൊഫൈലിനെ പ്രതിനിധീകരിക്കുന്ന പുതിയ ലോഗോ പുറത്തിറക്കി. ലോഗോയുടെ പുതിയ രൂപം കമ്പനിയുടെ വളർച്ചയെയും ഒരൊറ്റ പൂക്കടയിൽ നിന്ന് ഒരു മൾട്ടി-കാറ്റഗറി ഗിഫ്റ്റിംഗ് കമ്പനിയിലേക്കുള്ള പരിണാമത്തെയും പ്രതിനിധീകരിക്കുന്നു.

കമ്പനിയുടെ പേരിന് അടുത്തുള്ള ഗിഫ്റ്റിംഗ് ബോക്സ് അതിന്റെ ഭാവിയെ ഒരു ഫുൾ സർവീസ് എൻഡ് ടു എൻഡ് ഗിഫ്റ്റിംഗ് പ്ലാറ്റ്ഫോമായി ചിത്രീകരിക്കുന്നു, അതേസമയം ഇലകളുടെ ആകൃതിയിലുള്ള ചെറിയ ഗിഫ്റ്റിംഗ് റിബൺ ഒരു ഫ്ലവർ റീട്ടെയിലർ എന്ന നിലയിൽ കമ്പനിയുടെ ഉത്ഭവത്തെ പ്രതിനിധീകരിക്കുന്നു. ബ്രാൻഡ് പ്രതിനിധീകരിക്കുന്ന പുതുമയും ഊർജ്ജസ്വലതയും സൂചിപ്പിക്കാൻ പച്ചയും മഞ്ഞയും നിറങ്ങൾ ഉപയോഗിച്ചിരിക്കുന്നു.

# വ്യാജ അവലോകനങ്ങൾക്കായി മാപ്പ് തയ്യാറാക്കാൻ ASCI


ഓൺലൈൻ ഉൽപ്പന്നങ്ങളും സേവനങ്ങളും വാങ്ങുന്നതിലേക്ക് ഉപഭോക്താക്കളെ തെറ്റിദ്ധരിപ്പിക്കുന്ന വ്യാജ അവലോകനങ്ങളുടെ വ്യാപ്തി ചർച്ച ചെയ്യുന്നതിനായി ഉപഭോക്തൃ കാര്യ മന്ത്രാലയവും അഡ്വർടൈസിംഗ് സ്റ്റാൻഡേർഡ് കൗൺസിൽ ഓഫ് ഇന്ത്യയും (ASCI) ഇ-കൊമേഴ്സ് സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള പങ്കാളികളുമായി വെർച്വൽ മീറ്റിംഗ് നടത്തി.  വ്യാജവും തെറ്റിദ്ധരിപ്പിക്കുന്നതുമായ അവലോകനങ്ങൾ ഉപഭോക്താക്കളിൽ ചെലുത്തുന്ന സ്വാധീനത്തെയും അത്തരം അപാകതകൾ തടയുന്നതിനുള്ള സാധ്യമായ നടപടികളെയും  അടിസ്ഥാനമാക്കിയുള്ളതായിരിക്കും ചർച്ചകൾ, മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

# തൈറോകെയർ പുതിയ ബ്രാൻഡ് ഐഡന്റിറ്റി

‘നിങ്ങൾക്ക് വിശ്വസിക്കാൻകഴിയുന്ന ടെസ്റ്റുകൾ’ എന്ന പുതിയ ടാഗ്ലൈൻ അതിന്റെ ഗുണനിലവാരവും വിശ്വസനീയവുമായ പരിശോധനയുടെ തത്വശാസ്ത്രത്തിന്റെ സാരാംശം ഉൾക്കൊള്ളുന്നു. പുതിയ ലോഗോ, അതിന്റെ രൂപവും ഭാവവും, തൈറോകെയറിന്റെ ചലനാത്മക സാധ്യതയെ പ്രതിഫലിപ്പിക്കുന്നു, അത് കോവിഡിന് ശേഷമുള്ള ഒരു സാഹചര്യത്തിൽ അതിന്റെ തന്ത്രത്തെ പുനർനിർവചിക്കുന്നു, അതേസമയം വിശ്വാസത്തിന്റെ പൈതൃകം ആവർത്തിക്കുന്നു എന്നും കഴിഞ്ഞ 25 വർഷമായി കമ്പനിയുടെ പരിവർത്തനത്തെയാണ് പുതിയ ഐഡന്റിറ്റി പ്രതിഫലിപ്പിക്കുന്നതെന്നും കമ്പനിയുടെ പത്രക്കുറിപ്പിൽ പറയുന്നു.

around us

A.SATHEESH




Printed, Published and Owned by Mathew K., Effective Publications, Mulamoottil Building, Cathedral Road, Manorama South, Kottayam - 686 001 Kerala. and Printed at Southern Printing House, Sastri Road Extn., Mugal Palace Building, Collectorate P.O., Kottayam - 686 002, Kerala.

# Take all these in a
# Platter




**We give you more than what you can chew**

Read **Business News** to learn & earn RICH dividends from the financial market.Become a Maestro of Finance through **Business News**. We guide those who got misguided, to the right path.

**Subscribe today or grab a copy from your nearest book stall**

**BUSINESS NEWS**

Since 2000

Call us at 0491 2546490, 9539009313 or mail at businessnewspkd@gmail.com

EFFECTIVE ADCOM 2022 June Date of publication 01/06/2022
RNI Reg. No. KERBIL/2014/64776, Registered. Reg. No. KL/KTM/113/2019-21, Price: Rs. 50/-

# Quickerala ഉണ്ടെങ്കിൽ
# കാര്യം നിസ്സാരം

Your Search | Location | SEARCH

*എന്ത് ബിസിനസ്സ് നടത്തുന്നവരുടേയും കോൺടാക്റ്റ് ഡീറ്റെയിൽസിനായി ലോഗോൺ ചെയ്യൂ*

*അല്ലെങ്കിൽ app ഡൗൺലോഡ് ചെയ്യൂ*

Download from Windows Store | ANDROID APP ON Google play | Available on the App Store

Quickerala.com
*Kerala's largest online business directory*

Customer Care : 04812222222
mail: support@quickerala.com